# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെറിയനാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എ.എൽ.പി-പി.5/1078/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 24/02/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെറിയനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെറിയനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെറിയനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എ.എൽ.പി-പി.5/1078/2021 തീയ്യതി: 24/02/2022

## ആലപ്പുഴ ജില്ലയിലെ ചെറിയനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ചെറിയനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 07-07-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 37 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ആർ.രാജീവ് | ഡെപ്യൂട്ടി ഡയറക്ടർ | 01-11-2021 | 19-11-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 01-11-2021 | 19-11-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.മിനി.പി.രാധാകൃഷ്ണൻ, ഓഡിറ്റ് ഓഫിസർ

ശ്രീമതി.മായാദേവി.സി.എസ്സ്. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി. സുഷ.റ്റി.പിള്ള ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫിസർ

ശ്രീ.മനേഷ് കുമാർ.ജി., സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി. കെ.കെ.രാധമ്മ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റിവ് കമ്മറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീമതി.പ്രസന്ന രമേശൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.രഘുലാൽ.വി | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.അഭിലാഷ്.ജി | കൃഷി ഓഫീസർ | 01-04-2020 | 31-05-2020 |
| ശ്രീ.മധുസൂധനൻ നായർ | കൃഷി ഓഫീസർ | 01-06-2020 | 31-03-2021 |
| ശ്രീമതി .ദിവ്യ തങ്കം | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി.ഉഷാകുമാരി | ഐ.സി.ഡി.എസ്സ്.സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ഡോ.റംലത്ത് .ആർ | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2020 | 31-03-2021 |
| ഡോ.രാജി.ആർ | മെഡിക്കൽ ഓഫിസർ,ആയുർവേദം | 01-04-2020 | 31-03-2021 |
| ശ്രീമതി. പത്മകുമാരി. സി | ഹെഡ്മിസ്ട്രസ്സ്,ഗവ.യു.പി.എസ്സ് | 01-04-2020 | 31-05-2020 |
| ശ്രീമതി.മിനിമോൾ ജോൺ | ഹെഡ്മിസ്ട്രസ്സ്, ഗവ.യു.പി.എസ്സ് | 01-06-2020 | 31-03-2021 |
| ശ്രീമതി.സ്മിത ആർ | അസി,എഞ്ചിനിയർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ആശ.ജി.ഉണ്ണി | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീമതി.ബീനതോമസ്സ് ജോൺ | അസി.സെക്രട്ടറി | 01-04-2020 | 31-05-2020 |
| ശ്രീമതി അനിത.എസ്സ് | അസി. സെക്രട്ടറി | 01-06-2020 | 31-03-2021 |
| ശ്രീമതി.റജിമോൾ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ഡോ.ഫൈസൽ | മെഡിക്കൽ ഓഫീസർ(അലോപ്പതി) | 01-04-2020 | 07-08-2020 |
| ഡോ.ശ്രീകാന്ത് .പി.കെ | മെഡിക്കൽ ഓഫീസർ(അലോപ്പതി) | 08-08-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Mini.P.Radhakrishnan (Audit Officer, On 07-11-2021)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Mini.P.Radhakrishnan (Audit Officer, On 07-11-2021)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Mini.P.Radhakrishnan (Audit Officer, On 22-11-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-02-2022) | 1-2(1) |
| 4 | സാമ്പത്തിക വിശകലനം<br>Written By: Mini.P.Radhakrishnan (Audit Officer, On 07-11-2021)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം (എസിആർ പ്രകാരം)<br>Written By: Mini.P.Radhakrishnan (Audit Officer, On 07-11-2021)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Mini.P.Radhakrishnan (Audit Officer, On 07-11-2021)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Mini.P.Radhakrishnan (Audit Officer, On 07-11-2021)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Mini.P.Radhakrishnan (Audit Officer, On 07-11-2021)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-7 |
| 9 | ക്യാഷ് വേരിഫിക്കേഷൻ<br>Written By: Mini.P.Radhakrishnan (Audit Officer, On 07-11-2021)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-8 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Mini.P.Radhakrishnan (Audit Officer, On 07-11-2021)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-9 |
| 11 | ആഭ്യന്തര നിയന്ത്രണ സംവിധാനം<br>Written By: Mini.P.Radhakrishnan (Audit Officer, On 07-11-2021)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-10 |
| 12 | തൊഴിൽ നികുതി ഈടാക്കുന്നില്ല-തനത് വരുമാന നഷ്ടം<br>Written By: Maneshkumar G (Senior Grade Auditor, On 19-11-2021)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-11 |
| 13 | ബി.എസ്.എൻ.എൽ ജീവനക്കാരിൽ നിന്നും 2020-21 സാമ്പത്തിക വർഷം തൊഴിൽ നികുതി ഈടാക്കിയില്ല-<br>Written By: Maneshkumar G (Senior Grade Auditor, On 19-11-2021)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-12 |
| 14 | വാടക-കുടിശ്ശിക ഈടാക്കുന്നതിൽ കാര്യക്ഷമത പുലർത്തുന്നില്ല<br>Written By: Maneshkumar G (Senior Grade Auditor, On 19-11-2021)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-13 |
| 15 | മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നില്ല<br>Written By: Maneshkumar G (Senior Grade Auditor, On 19-11-2021)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-14 |
| 16 | ടെണ്ടർ ഫീസ് വരവ് 54178/- രൂപ തനത് ഫണ്ടിലേക്ക് മാറ്റിയില്ല<br>Written By: Mini.P.Radhakrishnan (Audit Officer, On 24-11-2021)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-15 |
| 17 | വിവിധ ആവശ്യങ്ങൾക്കായി പഞ്ചായത്ത് വാങ്ങിയിട്ടുള്ള ഭൂമികൾ പേരിൽ | 1-16 |

| | | |
|---|---|---|
| | കുട്ടിയില്ല.<br>Written By: Mini.P.Radhakrishnan (Audit Officer, On 22-11-2021)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | |
| 18 | ബഡ്സ് സ്കൂൾ നിർമ്മാണം- ജി.എസ്സ്.ടി ഇനത്തിൽ അധികം നൽകിയത് 44627/- രൂപ.<br>Written By: Mini.P.Radhakrishnan (Audit Officer, On 23-11-2021)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-17 |
| 19 | പഞ്ചായത്ത് ഓഫീസിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടത് അനിവാര്യം<br>Written By: C.S Mayadevi (Asst. Audit Officer, On 21-11-2021)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-18 |
| 20 | അങ്കണവാടിയ്ക്ക് ഫർണ്ണിച്ചർ, സ്റ്റോറേജ് എന്നിവ വാങ്ങൽ - ടെന്റർ നടപടികളിൽ വീഴ്ച<br>Written By: C.S Mayadevi (Asst. Audit Officer, On 21-11-2021)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-19 |
| 21 | ജെ.ബി.എസ്സ് സ്കൂൾ കെട്ടിട നിർമ്മാണം-67 എം3 മണ്ണിന്റെ വിനിയോഗം-രേഖകൾ ലഭ്യമല്ല<br>Written By: Mini.P.Radhakrishnan (Audit Officer, On 23-11-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-02-2022) | 1-20 |
| 22 | തെരുവ് വിളക്ക് പരിപാലനം -നടപടിക്രമങ്ങളിൽ വീഴ്ച<br>Written By: C.S Mayadevi (Asst. Audit Officer, On 21-11-2021)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-21 |
| 23 | ബയോ ഡൈജസ്റ്റർ കമ്പോസ്റ്റ് ബിൻ -ഗുണഭോക്താക്കളെ കൃത്യമായി കണ്ടെത്താതെ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി<br>Written By: Susha.T.Pillai (Asst. Audit Officer, On 18-11-2021)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-22 |
| 24 | കുടിവെള്ള വിതരണം -അപാകതകൾ<br>Written By: C.S Mayadevi (Asst. Audit Officer, On 21-11-2021)<br>Last Updated By: C.S Mayadevi (Asst. Audit Officer, On 24-02-2022) | 1-23 |
| 25 | പ്ലാസ്റ്റിക്ക് നിർമ്മാർജ്ജനം-പദ്ധതി ലക്ഷ്യം കൈവരിച്ചില്ല<br>Written By: Susha.T.Pillai (Asst. Audit Officer, On 19-11-2021)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-24 |
| 26 | പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് മരുന്നുവാങ്ങൽ-മുൻകൂർ തുകയ്ക്കുള്ള മരുന്ന് നാളിതുവരെലഭിച്ചില്ല<br>Written By: Maneshkumar G (Senior Grade Auditor, On 19-11-2021)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-25 |
| 27 | ഗവ.ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്നുവാങ്ങൽ-മുൻകൂർ തുകയ്ക്കുള്ള മരുന്നുകൾ ലഭിച്ചില്ല<br>Written By: Maneshkumar G (Senior Grade Auditor, On 19-11-2021)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-26 |
| 28 | ഫെസ്റ്റിവൽ അഡ്വാൻസ് 9000/-രൂപ തിരിച്ചുപിടിച്ചിട്ടില്ല<br>Written By: Mini.P.Radhakrishnan (Audit Officer, On 23-11-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-02-2022) | 1-27 |
| 29 | ഘടക സ്ഥാപനങ്ങളുടെ കണ്ടിജന്റ് ചെലവ് -മുൻകൂർ നൽകിയ തുക ചെലവഴിക്കാതെ അവശേഷിക്കുന്നു.<br>Written By: C.S Mayadevi (Asst. Audit Officer, On 21-11-2021)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-28 |
| 30 | വാറ്റ് 14,750/- രൂപ പഞ്ചായത്തിന് ബാധ്യത<br>Written By: Mini.P.Radhakrishnan (Audit Officer, On 23-11-2021)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-29 |
| 31 | സാധനങ്ങളുടെ അളവിൽ നിന്നും നിയമാനുസൃത കുറവുകൾ വരുത്താതെ | 1-30 |

| | | |
|---|---|---|
| | കരാറുകാരന് തുക നൽകി<br>Written By: C.S Mayadevi (Asst. Audit Officer, On 22-11-2021)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | |
| 32 | ലൈബ്രറി സെസ്സ് 443232 രൂപ കുടിശ്ശിക<br>Written By: Mini.P.Radhakrishnan (Audit Officer, On 23-11-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 23-12-2021) | 1-31 |
| 33 | അഗതി രഹിത കേരളം പദ്ധതി-അവലോകനം<br>Written By: Susha.T.Pillai (Asst. Audit Officer, On 18-11-2021)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-32 |
| 34 | വിനിയോഗ സാക്ഷ്യപത്രംലഭ്യമാക്കിയില്ല<br>Written By: C.S Mayadevi (Asst. Audit Officer, On 21-11-2021)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-33 |
| 35 | നമ്മൾ നമുക്കായി -ജനകീയ ക്യാമ്പയിൻ<br>Written By: Susha.T.Pillai (Asst. Audit Officer, On 20-11-2021)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-34 |
| 36 | കോവിഡ് അവലോകനം<br>Written By: C.S Mayadevi (Asst. Audit Officer, On 21-11-2021)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-35 |
| 37 | ജനകീയ ഹോട്ടൽ.<br>Written By: Susha.T.Pillai (Asst. Audit Officer, On 20-11-2021)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-36 |
| 38 | ലൈഫ് പദ്ധതി<br>Written By: Susha.T.Pillai (Asst. Audit Officer, On 20-11-2021)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-37 |
| 39 | ജാഗ്രതാ സമിതി പ്രവർത്തനങ്ങൾ<br>Written By: C.S Mayadevi (Asst. Audit Officer, On 21-11-2021)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-38 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Mini.P.Radhakrishnan (Audit Officer, On 07-11-2021)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Mini.P.Radhakrishnan (Audit Officer, On 07-11-2021)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Mini.P.Radhakrishnan (Audit Officer, On 07-11-2021)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Mini.P.Radhakrishnan (Audit Officer, On 07-11-2021)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Mini.P.Radhakrishnan (Audit Officer, On 07-11-2021)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 17-11-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Mini.P.Radhakrishnan (Audit Officer, On 07-11-2021)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Mini.P.Radhakrishnan (Audit Officer, On 07-11-2021)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 4-7 |

| | | |
|---|---|---|
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Mini.P.Radhakrishnan (Audit Officer, On 07-11-2021)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Mini.P.Radhakrishnan (Audit Officer, On 07-11-2021)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Mini.P.Radhakrishnan (Audit Officer, On 07-11-2021)<br>Last Updated By: C.S Mayadevi (Asst. Audit Officer, On 24-02-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 27-03-2021 തീയതിയിലെ 1ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 194663601 | 192302000 |
| വാർഷിക കണക്ക് പ്രകാരം(ആർ.പി.സ്റ്റേറ്റ്മെന്റ് പ്രകാരം) | 88210803 | 75484824 |

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2020-21 | 31.07.2021 | 28.07.2021 |

## 1-2(1) വാർഷിക കണക്കിലെ അപാകതകൾ

പഞ്ചായത്തിന്റെ 2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ ന്യൂനതകൾ താഴെ ചേർക്കുന്നു.

1. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി3 പ്രകാരം ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുക 3,93,11,518 രൂപയാണ്.മുൻവർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുക ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല. ആകയാൽ ഇതിന്റെ കൃത്യത നിർണ്ണയിക്കാൻ കഴിയുന്നില്ല (തൻവർഷത്തെ ക്യാപ്പിറ്റൽഎക്സ്പെന്റിച്ചർ 2860909രൂപ മാത്രമാണ്. )

2.ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി5 ഉം ഷെഡ്യൂൾ ബി16 ഉം വ്യത്യാസപ്പെട്ടിരിക്കുന്നു ഷെഡ്യൂൾ ബി5 പ്രകാരം വായ്പയിനത്തിൽ തിരിച്ചടക്കാൻ ബാക്കി നിൽക്കുന്ന തുക 19992429 രൂപയും ഷെഡ്യൂൾ ബി16 പ്രകാരം 19427055 രൂപയുമാണ്.

3.ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി11 പ്രകാരം ഫിക്സഡ് അസ്സെറ്റ്സ് 5850428.9. എന്നാൽ ആർ.പി 38 പ്രകാരം ഫിക്സഡ് അസ്സെറ്റ്സായി തുകയൊന്നും ഉൾപ്പെട്ട് കാണുന്നില്ല.

4. മുൻവർഷം നിർവ്വഹണ ഏജൻസികൾക്ക് മുൻകൂറായി നൽകിയ തുകകൾ മാത്രം ഉൾപ്പെടുത്തിയാണ് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി18 തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ തൻ വർഷം വിവിധ നിർവ്വഹണ ഏജൻസികൾക്ക് മുൻകൂറായി നൽകിയ23,44,118 രൂപ ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. 2018-19 ലെ തുകകൾ മാത്രം ക്യരിഓവർചെയ്തിരിക്കുന്നതിനാൽ (ഉദാ:-ഡെപ്പോസിറ്റ് കേരള വാ.ട്ടർ അതോറിറ്റി 1582705/-,കേരള ഇലക്ട്രിസിറ്റി ബോർഡ് 2682000/-രൂപ) ബി18 പ്രകാരമുള്ള തുകകളുടെ കൃത്യത ഉറപ്പുവരുത്തുവാൻ കഴിഞ്ഞില്ല.

5.ബി18 പ്രകാരം അഡ്വാൻസ് ടു ഇംപ്ളിമെന്റിംഗ് ഓഫീസേഴ്സ് എന്ന ഹെഡ്ഡിൽ നിർവ്വഹണ ഉദ്യോഗസ്ഥർക്കു മുൻകൂറായി നൽകിയ തുകയിൽ ക്രമീകരിക്കാൻ ശേഷിക്കുന്ന 101717/- രൂപ ഉൾപ്പെടുത്തിയിട്ടില്ല.അഡ്വാൻസ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാത്തതിനാൽ ഓണം അഡ്വാൻസ് ഉൾപ്പടെയുള്ള മുൻകൂർ തുകകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

6. പ്രൊഫഷൻ ടാക്സ് ഉൾപ്പടെയുള്ള വിവിധ നികുതി വരവുകൾ മിസ്സലേനിയസ് റസീപ്റ്റ്സ് ആയി അക്കൌണ്ട് ചെയ്യുന്നു. അതാത് ഹെഡ്ഡ്ഓഫ് അക്കൌണ്ടിൽ ഇവ പോസ്റ്റ് ചെയ്യപ്പെടുന്നില്ല.2020-21വർഷം മിസ്സലേനിയസ് റസീപ്റ്റ്സ് ആയി 5005908/-രൂപ വരവുണ്ട്. ആകയാൽ നികുതി /നികുതിയേതര വരവുകളുടെ കൃത്യത പരിശോധിക്കാൻ കഴിയുന്നില്ല.

7. ആർ.പി9 പ്രകാരം 698/- രൂപ മാത്രമാണ് പലിശ ഇനത്തിലെ വരവായി അക്കൌണ്ട് ചെയ്യപ്പെട്ടിട്ടുള്ളത്. പാസ്സ് ബുക്ക് പ്രാകാരം പലിശ ഇനത്തിലുള്ള വിവിധഅക്കൗണ്ടുകളിലെ വരവുമായി ടിതുക പൊരുത്തപ്പെടുന്നില്ല.

മേൽ അപാകതകൾ ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.34തീയതി 18-11-2021) ലഭ്യമാക്കിയ മറുപടിയിൽ ക്രമ നം.1,2,3 ഇവയ്ക്ക് സുലേഖ പ്രകാരമുള്ള ചെലവുകൾ റവന്യൂ എക്സ്പെന്റിച്ചറായി അക്കൌണ്ട് ചെയ്തതിനാലാണ് വ്യത്യാസം വന്നതെന്നും ക്രമ നം.4,5 ഇവയ്ക്ക് ഹെഡ്ഡ് മാറിപ്പോയിട്ടുള്ളതിനാലാണെന്നും അടുത്ത സാമ്പത്തിക വർഷം കാലികമാക്കുന്നതാണെന്നും ക്രമ നം.6ന് അപാകത പരിഹരിച്ച് കൃത്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 14670330 |
| വരവ് | 73540473 |
| ആകെ | 88210803 |

| | |
|---|---|
| ചെലവ് | 75484824 |
| നീക്കിയിരിപ്പ് | 12725979 |

## 1-4 ഫണ്ട് വിനിയോഗം (എസിആർ പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | | ആകെ | ചെലവ് | | | |
|---|---|---|---|---|---|---|---|---|
| | | സോഴ്സിൽ പിടിച്ചത് | അലോട്ട്മെന്റ് വരവ് | | ജി.ഒ പ്രോജക്ട് | പ്രോജക്ട് | നീക്കിയിരുപ്പ് | ക്യൂബിൽ |
| വികസനഫണ്ട് പൊതുവിഭാഗം | - | 1943792 | 17093516 | 19037308 | 1943792 | 14128071 | 2965445 | |
| വികസനഫണ്ട് എസ്.സി.പി. | - | 278234 | 9246765 | 9524999 | 278234 | 6079365 | 3167400 | |
| വികസനഫണ്ട് ടി.എസ്.പി. | - | | 96000 | 96000 | 0 | 8700 | 87300 | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ് ഗ്രാന്റ്) | - | | 12244208 | 12244208 | | 5565742 | 6678466 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് ( ടൈഡ് ഗ്രാന്റ്) | - | | 5000000 | 5000000 | | 3793059 | 1206941 | |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | - | | 3840757 | 3840757 | | 3840757 | | |
| സംരക്ഷണഗ്രാന്റ് റോഡ് | - | | 11017000 | 11017000 | | 8254212 | 2762788 | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 187 | 119200843 | 144 | 54892093 | 35 | 8 | 65 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

| | |
|---|---|
| 7 | സോളാർ സ്ട്രീറ്റ് ലൈറ്റ് വാർഷിക പരിപാലനം |
| 10 | മുഹമ്മദൻസ് സ്കൂൾ കൊല്ലകടവ് കെട്ടിടനിർമ്മാണം ജില്ലാപഞ്ചായത്തിനുള്ള വിഹിതം |
| 34 | ലൈഫ് ഭവന പദ്ധതി(എസ്സ്.സി) |
| 124 | ചെറിയനാട് ഗ്രാമപഞ്ചായത്ത് ഓഫിസ് കെട്ടിട നിർമ്മാണം സ്ഥലം ഒരുക്കൽ |
| 170 | സുഭിക്ഷ കേരളം തരിശ് കൃഷി വികസനം ഗ്രൂപ്പ് എസ്സ്.സി) |
| 184 | കാലിത്തൊഴുത്ത് നവീകരണം വളക്കുഴി മൂത്രത്തൊട്ടി നിർമ്മാണം |
| 242 | ടേക്ക് എ ബ്രേക്ക് വഴിയോര വിശ്രമ കേന്ദ്രം നിർമ്മാണം |

.
.
.
.

2017-18 മുതൽ 2021-22 വരെയുള്ള പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ നാലാം ഘട്ടമാണ് 2020-21ൽ നടപ്പാക്കിയത്. മുൻ വർഷത്തെ അപേക്ഷിച്ച് പദ്ധതി നിർവ്വഹണത്തിൽ മെച്ചപ്പെട്ട പ്രകടനമാണ് 2020-21ൽ നടന്നത്. എന്നാൽ വിവിധ വികസന

| | |
|---|---|
| 246 | സാനിറ്ററി നാപ്കിൻ ഇൻസിനേറ്റർ |

പ്രവർത്തനങ്ങൾക്കായി ആസൂത്രണം ചെയ്ത് അംഗീകാരം വാങ്ങിയ പദ്ധതികൾ പൂർണ്ണമായി നടപ്പാക്കുവാൻ സാധിച്ചിട്ടില്ലാത്തതിനാൽ സർക്കാർ ഗ്രാന്റിനത്തിൽ 2020-21 വർഷം ലഭിച്ച 16868340/- രൂപ ലാപ്സായി.

പൊതു വിഭാഗത്തിലും, പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിലുമായി തയ്യാറാക്കിയ 187 പദ്ധതികൾക്കാണ് തൻവർഷം അനുമതി ലഭിച്ചിരുന്നത്. ഇതിൽ പഞ്ചായത്ത് പൂർണ്ണമായി നടപ്പാക്കിയത് 144 പദ്ധതികളാണ്.

ഗ്രാമ പഞ്ചായത്തിൽ 12 നിർവ്വഹണ ഉദ്യോഗസ്ഥരാണുള്ളത് . ഇവർ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടിന്റെ എണ്ണം | നടപ്പാക്കിയ പ്രോജക്ടിന്റെ എണ്ണം | അങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 11 | 10 | 6128263 | 4278761 | 69.82 |
| 2 | സെക്രട്ടറി | 25 | 19 | 9276875 | 6821059 | 73.52 |
| 3 | വെറ്ററിനറി സർജൻ | 12 | 11 | 4834141 | 3175442 | 65.68 |
| 4 | വി.ഇ.ഒ | 16 | 14 | 43902920 | 6309673 | 14.37 |
| 5 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 10 | 4517644 | 4036946 | 89.35 |
| 6 | അസിസ്റ്റന്റ് എഞ്ചിനീയർ | 96 | 78 | 42592225 | 26336297 | 61.83 |
| 7 | അസിസ്റ്റന്റ് സെക്രട്ടറി | 6 | 5 | 4042703 | 1219752 | 30.17 |
| 8 | എച്ച്.എം | 3 | 3 | 896795 | 476395 | 53.12 |
| 9 | എം.ഒ-പി.എച്ച്.സി | 2 | 2 | 959775 | 937768 | 97.70 |
| 10 | എ.ഒ-ആയുർവ്വേദം | 4 | 4 | 800000 | 750000 | 93.75 |
| 11 | എം.ഒ-ഹോമിയോ | 1 | 1 | 150000 | 150000 | 100 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 800000 | 400000 | 50 |

വി.ഇ.ഒ , അസിസ്റ്റന്റ് സെക്രട്ടറി,എച്ച് .എം എന്നിവരുടെ വാർഷിക പദ്ധതി നിർവ്വഹണത്തിൽ പ്രാധാന്യം നൽകാൻ സാധിക്കാതെ വന്നത് പദ്ധതി നിർവ്വഹണത്തിൽ സംഭവിച്ചവീഴ്ചയാണ്.

മേഖലാടിസ്ഥാനത്തിലുള്ള ചെലവു വിവരം

1) പൊതുവിഭാഗം

| മേഖല | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|
| ഉത്പാദനം | 11853904 | 8558208 | 72.19 |
| സേവനം | 45775850 | 20026828 | 43.74 |
| പശ്ചാത്തലം | 28360945 | 19089741 | 67.30 |

2) പട്ടികജാതി വിഭാഗം

| മേഖല | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|
| ഉത്പാദനം | 1638500 | 307000 | 18.73 |
| സേവനം | 27378687 | 5329411 | 19.46 |
| പശ്ചാത്തലം | 3784257 | 1572205 | 41.54 |

3) പട്ടികവർഗ്ഗ വിഭാഗം

| മേഖല | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|

| | | | |
|---|---|---|---|
| സേവനം | 408700 | 8700 | 2.1 |

പട്ടിക ജാതി /പട്ടിക വർഗ്ഗ വിഭാഗത്തിനുള്ള പദ്ധതികളുടെ ആസൂത്രണത്തിലും അംഗീകാരം ലഭിച്ച പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിലും അവ പരിശോധിക്കുന്നതിനും വിലയിരുത്തുന്നതിനും, ആവശ്യമായ മേൽ നിർദ്ദേശം നൽകുന്നതിനും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾക്കുണ്ടായ വീഴ്ചയാണ് പദ്ധതി ചെലവിലുണ്ടായ ഈ കുറവിന് ഇടയാക്കിയത് . ഇപ്രകാരം പദ്ധതി നിർവ്വഹണത്തിലും കൃത്യമായ മോണിറ്ററിംഗിലും അധികൃതർക്കുണ്ടായ വീഴ്ചമൂലം ജനോപകാരപ്രദമായതും വികസന പ്രവർത്തനങ്ങൾക്കായി ചെലവഴിക്കാമായിരുന്നതുമായ തുകയാണ് നഷ്ടമായത്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു .

പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും സമയക്ലിപ്തത പാലിക്കുന്നതിലും അവ യഥാസമയം മോണിട്ടറിംഗ് ചെയ്യുന്നതിനും, ആവശ്യമായ മേൽ നിർദ്ദേശം നൽകുന്നതിന് തുടർ വർഷങ്ങളിൽ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും പ്രത്യേക ശ്രദ്ധ പുലർത്തുവാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 136506 | 3437949 | 3574455 | 2428472 | 1145983 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | | 23395722 | 23395722 | 23395722 | |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 17280 | 24 |
| കർഷകതൊഴിലാളി പെൻഷൻ | 8613600 | 462 |
| വിധവാപെൻഷൻ | 16413500 | 842 |
| വാർദ്ധക്യകാലപെൻഷൻ | 33209300 | 1846 |
| വികലാംഗപെൻഷൻ | 5289800 | 287 |
| അവിവാഹിതപെൻഷൻ | 694100 | 33 |
| വിധവകളുടെ പെൺ മക്കൾക്കുള്ള വിവാഹ ധനസഹായം | 150000 | 5 |

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.11.2021 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 27909/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23-09-2020 | 2021 സെപ്റ്റംബർ | 19-05-2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23-06-2016 | 2011-12 മുതൽ 2015-16 വരെ | 25-10-2016 |

## 1-10 ആഭ്യന്തര നിയന്ത്രണ സംവിധാനം

താഴെ ചേർക്കുന്ന കാര്യങ്ങൾ ഒഴികെ,ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ കാര്യക്ഷമമാണ്.തനതു വരുമാനങ്ങളായ തൊഴിൽ നികുതി,വാടക കുടിശ്ശിക എന്നിവ ഈടാക്കുന്നതിൽ കൂടതൽ കാര്യക്ഷമത പുലർത്തേണ്ടതാണ്. ടെണ്ടർ നടപടികൾ സുതാര്യമാക്കി പർച്ചേസുകൾ നടത്തുന്നതിന് പഞ്ചായത്തിന്റെ പ്രൊക്യൂർമെന്റ് കമ്മറ്റി ശ്രദ്ധിക്കേണ്ടതാണ്. പുറംപോക്ക് ഭൂമികൾ കൈയ്യേറുന്നതുമായി ബന്ധപ്പെട്ട് നിരവധി പരാതികൾ പഞ്ചായത്തിലുണ്ട്. ഭൂമി കൈയ്യേറുന്നതായുള്ള പരാതികൾ മിനിട്സിൽ രേഖപ്പെടുത്തിയിരിക്കുന്നതിൽ നിന്നും ഭൂമിയുടെ സംരക്ഷണം തൃപ്തികരമല്ലന്ന വ്യക്തമാകുന്നു.പുറംപോക്ക് ഭൂമിയെപ്പറ്റിയുള്ള വിവരങ്ങൾ കൃത്യമായി എഴുതി സൂക്ഷിച്ച് പരാതികളിൽ താമസംകൂടാതെ തുടർനടപടികൾ സ്വീകരിക്കുന്നതിൽ കൂടതൽ ശ്രദ്ധ അനിവാര്യമാണ്. നിക്ഷേപ പ്രവർത്തികളിൽ നിർവ്വഹണ ഏജൻസികളുമായി കരാറിൽ ഏർപ്പെടേണ്ടതും കരാർ നിബന്ധന പ്രകാരം തുക കൈമാറി തുടർപ്രവർത്തനങ്ങൾ വീക്ഷിക്കേണ്ടതുമാണ്. സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട് എങ്കിലും ക്ഷമതയുള്ള അധികാരികളുടെ സാക്ഷ്യപ്പെടുത്തലോടെ വാർഷിക സ്റ്റോക്ക് ബാലൻസ് പരിശോധന നടത്തുന്നില്ല.പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം കുറ്റമറ്റതാകാൻ കൂടതൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 തൊഴിൽ നികുതി ഈടാക്കുന്നില്ല-തനത് വരുമാന നഷ്ടം

ചെറിയനാട് ഗ്രാമപഞ്ചായത്തിൽ കരാറടിസ്ഥാനത്തിൽ തെരുവ് വിളക്ക് പരിപാലനത്തിനായി ജോലിചെയ്യ്ത് വരുന്ന രണ്ട് ജീവനക്കാർ,തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഡ്രൈവർ നിർമ്മാണ കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി രേഖകളില്ല.ടിയാളുകളുടെ പേരുവിവരങ്ങൾ അടങ്ങിയ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ജീവനക്കാരന്റെ / കരാറുകാരന്റെ പേര് | തൊഴിൽ | തൊഴിൽ ഈടാക്കാനുള്ള അർദ്ധവാർഷികങ്ങൾ |
|---|---|---|---|
| 1 | രാധാകൃഷ്ണപിള്ള | കരാർ ജീവനക്കാരൻ | 2020-21-ലെ രണ്ട് അർദ്ധവാർഷികങ്ങൾ |
| 2 | രാജേഷ് | കരാർ ജീവനക്കാരൻ | 2020-21-ലെ രണ്ട് അർദ്ധവാർഷികങ്ങൾ |
| 3 | റ്റി.ജി. അശോകൻ | നിർമ്മാണകരാറുകാരൻ | 2020-21-ലെ രണ്ട് അർദ്ധവാർഷികങ്ങൾ |
| 4 | പി.ഭദ്രൻ | നിർമ്മാണകരാറുകാരൻ | 2020-21-ലെ രണ്ട് അർദ്ധവാർഷികങ്ങൾ |
| 5 | മാമ്മൻ എബ്രഹാം | നിർമ്മാണകരാറുകാരൻ | 2020-21-ലെ രണ്ട് അർദ്ധവാർഷികങ്ങൾ |
| 6 | വി.എം. മുഹമ്മദ് ബഷീർ | നിർമ്മാണകരാറുകാരൻ | 2020-21-ലെ രണ്ട് അർദ്ധവാർഷികങ്ങൾ |
| 7 | സുജിത് കുമാർ | നിർമ്മാണകരാറുകാരൻ | 2020-21-ലെ രണ്ട് അർദ്ധവാർഷികങ്ങൾ |
| 8 | വി.ആർ. ശശി | നിർമ്മാണകരാറുകാരൻ | 2020-21-ലെ രണ്ട് അർദ്ധവാർഷികങ്ങൾ |
| 9 | പി.സുരേന്ദ്രൻ | നിർമ്മാണകരാറുകാരൻ | 2020-21-ലെ രണ്ട് അർദ്ധവാർഷികങ്ങൾ |
| 10 | എം.എ.വിജയൻ | നിർമ്മാണകരാറുകാരൻ | 2020-21-ലെ രണ്ട് അർദ്ധവാർഷികങ്ങൾ |
| 11 | മുഹമ്മദ് ഷുഹൈബ് | നിർമ്മാണകരാറുകാരൻ | 2020-21-ലെ രണ്ട് അർദ്ധവാർഷികങ്ങൾ |
| 12 | റജി.ബി.മാത്യു | നിർമ്മാണകരാറുകാരൻ | 2020-21-ലെ രണ്ട് അർദ്ധവാർഷികങ്ങൾ |
| 12 | രാജേന്ദ്രൻപിള്ള.റ്റി.ആർ | നിർമ്മാണകരാറുകാരൻ | 2020-21-ലെ രണ്ട് അർദ്ധവാർഷികങ്ങൾ |

| | | | |
|---|---|---|---|
| 13 | ലെബിൻ ദേവസ്യ | നിർമ്മാണകരാറുകാരൻ | 2020-21-ലെ രണ്ട് അർദ്ധവാർഷികങ്ങൾ |
| 14 | ശരത് ചന്ദ്രൻ | നിർമ്മാണകരാറുകാരൻ | 2020-21-ലെ രണ്ട് അർദ്ധവാർഷികങ്ങൾ |
| 15 | റ്റി.ബി.രാജു | നിർമ്മാണകരാറുകാരൻ | 2020-21-ലെ രണ്ട് അർദ്ധവാർഷികങ്ങൾ |
| 16 | സുജിത് മാമ്മൻ ജേക്കബ്ബ് | നിർമ്മാണകരാറുകാരൻ | 2020-21-ലെ രണ്ട് അർദ്ധവാർഷികങ്ങൾ |
| 17 | മധുകുമാർ. | ഡ്രൈവർ | 2020-21-ലെ രണ്ട് അർദ്ധവാർഷികങ്ങൾ |

മേൽ സൂചിപ്പിച്ചവരിൽ നിന്നും നികുതി ഈടാക്കിയിട്ടുണ്ടോ എന്നത് സംബന്ധിച്ച വിശദാംശങ്ങൾ അറിയുന്നതിനായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും(നം.തീയതി) മറുപടി ലഭ്യമാക്കിയില്ല. തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിശദാംശം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-12 ബി.എസ്.എൻ.എൽ ജീവനക്കാരിൽ നിന്നും 2020-21 സാമ്പത്തിക വർഷം തൊഴിൽ നികുതി ഈടാക്കിയില്ല-

ചെറിയനാട് ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന ബി.എസ്.എൻ.എൽ. എന്ന സ്ഥാപനത്തിലെ ജീവനക്കാർ 2020-21 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി ഒടുക്കിയതായി രേഖകളില്ല. 2019-20 സാമ്പത്തികവർഷം തൊഴിൽ നികുതി ഇനത്തിൽ രണ്ട് അർദ്ധവാർഷികങ്ങളിലായി 27500 രൂപ രസീത് നമ്പർ 11916500023 തീയതി. 16.03.2020 പ്രകാരം സ്ഥാപനം ജീവനക്കാരിൽ നിന്ന് ഈടാക്കി ഒടുക്കിയിട്ടുണ്ട്. 2020-21 സാമ്പത്തികവർഷം പ്രസ്തുത സ്ഥാപനത്തിൽ നിന്നും തൊഴിൽ നികുതി നികുതി ഈടാക്കാൻ നടപടി സ്വീകരിക്കാതിരുന്നതിന്റെ കാരണം ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി(നം.തീയതി) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത സ്ഥാപനിത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-13 വാടക-കുടിശ്ശിക ഈടാക്കുന്നതിൽ കാര്യക്ഷമത പുലർത്തുന്നില്ല

ചെറിയനാട് ഗ്രാമപഞ്ചായത്തിൽ രണ്ട് ഷോപ്പിങ്ങ് കോംപ്ലക്സുകൾ നിലവിലുണ്ട്.ഉരുത്തിമേൽ ഷോപ്പിങ്ങ് കോംപ്ലക്സും, കൊല്ലകടവ് മാർക്കറ്റ് ഷോപ്പിങ്ങ് കോംപ്ലക്സും. ഷോപ്പിങ്ങ് കോംപ്ലക്സുകളുടെ വാടകയിനത്തിൽ 2020-21സാമ്പത്തികവർഷം 2,15,053 രൂപ കുടിശ്ശിക ഉണ്ടായിരുന്നു. ഈ കുടിശ്ശികയിൽ 2021-22 സാമ്പത്തിക വർഷം 61,150 രൂപ പിരിച്ചെടുത്തിട്ടുണ്ട്. കുടിശ്ശിക ഇനത്തിൽ ഇപ്പോഴും 1,53903രൂപ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കൊല്ലകടവ് മാർക്കറ്റ് ,ഷോപ്പിങ്ങ് കോംപ്ലക്സ് .

| ക്രമ നമ്പർ | പേരും വിലാസവും | റൂം നമ്പർ | വാടക നിരക്ക് | വാടക ഇനത്തിൽ ലഭിച്ച തുക | കുടിശ്ശിക |
|---|---|---|---|---|---|
| 1 | ഷീദ് മുഹമ്മദ് ഷിമാ മൻസിൽ കൊല്ലകടവ് | മെയിൻ ബ്ലോക്ക് - റൂം നമ്പർ-16 | 1418 | --- | 8508 |
| 2 | മിഥുൻ.പി.എം പണ്ടാരപ്പറമ്പിൽ പുന്നയൂർക്കുളം | മെയിൻ ബ്ലോക്ക് - റൂം നമ്പർ-18 | 1378 | --- | 16536 |
| 3 | മിഥുൻ.പി.എം പണ്ടാരപ്പറമ്പിൽ പുന്നയൂർക്കുളം | മെയിൻ ബ്ലോക്ക് - റൂം നമ്പർ-19 | 1378 | -- | 16536 |
| 4 | മിഥുൻ.പി.എം പണ്ടാരപ്പറമ്പിൽ | മെയിൻ ബ്ലോക്ക് - | 1378 | -- | 16536 |

| | | | | | |
|---|---|---|---|---|---|
| | പുന്നയൂർക്കുളം | റൂം നമ്പർ-20 | | | |
| 5 | ഷെഫീക്ക് തോണ്ടയിൽ കൊല്ലകടവ് | സി.ബ്ലോക്ക്-റൂം നമ്പർ-10 | 2415 | -- | 28980 |
| 6 | ഷെഫീക്ക് തോണ്ടയിൽ കൊല്ലകടവ് | സി ബ്ലോക്ക് റൂം നമ്പർ-12 | 2100 | -- | 25200 |
| 7 | ഷെഫീക്ക് തോണ്ടയിൽ കൊല്ലകടവ് | സി ബ്ലോക്ക് റൂം നമ്പർ-22 | 1418 | -- | 17016 |
| 8 | ബിജു. കുമ്പളേത്ത് ചെറിയനാട് | ഡിബ്ലോക്ക് റൂം നമ്പർ-23 | 939 | 7488 | 3756 |
| 9 | ഷാജഹാൻ മൂന്നുങ്കൽ വടക്കേതിൽ കൊല്ലകടവ് | ഇ- ബ്ലോക്ക് റൂം നമ്പർ-05 | 630 | -- | 7560 |
| 10 | രാജൻ പീടികത്തറയിൽ കൊല്ലകടവ് | ഇ- ബ്ലോക്ക് റൂം നമ്പർ-10 | 1575 | 11025 | 7875 |
| 11 | ഷംസുദ്ദീൻ പേരൂർത്തറയിൽ | ഡി- ബ്ലോക്ക് -19 E (കൊല്ലകടവ് മാർക്കറ്റ്) | 900 | 7200 | 5400 |
| ആകെ | | | | | 1,53,903 |

വാടകക്കുടിശ്ശികയിനത്തിൽ ഈടാക്കാൻ അവശേഷിക്കുന്ന തുക പിഴ സഹിതം ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നില്ല

താഴെക്കൊടുത്തിട്ടുള്ള മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്, കെട്ടിടനമ്പർ, വാർഡിന്റെ പേര് | മൊബൈൽ ടവറിന്റെ വിലാസം | വസ്തുനികുതി നിർണ്ണയിച്ച വർഷം | ചുമത്തിയ വാർഷിക നികുതി |
|---|---|---|---|---|
| 1 | 11/309 A(കൊല്ലകടവ്) | സബ്ബ് ഡിവിഷണൽ എൻജീനിയർ, ഐഡിയ | 2013-14 | 6660 |
| 2 | 5/150(മാമ്പ്ര) | ജനറൽ മാനേജർ, ബി.എസ്.എൻ.എൽ. | 2013-14 | 6716 |
| 3 | 1/416 A(ഇടവൻകാട്) | വൊഡാഫോൺ സെല്ലുലാർ ലിമിറ്റഡ് | 2013-14 | 5801 |
| 4 | 14/186(ആദിമഞ്ചേരി) | എ.റ്റി.സി. | 2014-15 | 5190 |

| | | | | |
|---|---|---|---|---|
| | | ടെലികോം ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ് | | |

മുകളിൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ കൊല്ലകടവ് (വാർഡുനമ്പർ 11), മാമ്പ്ര(വാർഡുനമ്പർ-5) വാർഡുകളിൽ പ്രവർത്തിച്ചുവരുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി അസസ്സ് ചെയത് കാലം മുതൽ നാളിതുവരെ അടവാക്കിയിട്ടില്ല എന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. ഇടവൻകാട് വാർഡിൽ(വാർഡ്നമ്പർ-1) പ്രവർത്തിക്കുന്ന മൊബൈൽ ടവർ സ്ഥാപനം 2019-20 സാമ്പത്തികവർഷത്തെ ഒന്നാം അർദ്ധവാർഷികത്തിലും 2020-21 സാമ്പത്തികവർഷത്തിലെ രണ്ടാം അർദ്ധവാർഷികത്തിലും നികുതി അടവാക്കിയിട്ടില്ല എന്നും പരിശോധനയിൽ കണ്ടെത്തി. ആദിമഞ്ചേരി (വാർഡ് നമ്പർ 14) പ്രവർത്തിക്കുന്ന മൊബൈൽ ടവർ സ്ഥാപനം അസസ്സ്മെന്റ് വർഷം മുതൽ 2017-18 വരെ നികുതി തുക അടച്ചിട്ടില്ല. എന്നാൽ 2018-19 ലെ രണ്ട് അർദ്ധവാർഷികങ്ങളിലും നികുതിതുക അടച്ചിട്ടുണ്ട്. 2019-20 ൽ നികുതിതുക അടവാക്കാതെയും പിന്നീട് 2020-21 മുതൽ ഡിമോലളിഷ് ചെയ്തു എന്നും സഞ്ചയ ഡാറ്റാബേസിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വസ്തുനികുതി കുടിശ്ശിക സഹിതം ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതോടൊപ്പം സർക്കുലർ നമ്പർ 40395/ ആർ.സി.2/2014 തസ്വഭവ. തീയതി.19.10.2014 ലെ ഉത്തരവുപ്രകാരം സ്പെഷൽ ഡ്രൈവ് നടത്തി ക്രമനമ്പർ 4 പ്രകാരമുള്ള സ്ഥാപനം നിലവിലുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്. കുടിശ്ശിക നികുതി തുക ഈടാക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതും ഡീമോളിഷ് ചെയ്തിട്ടുണ്ട് എന്ന് സൂചിപ്പിച്ച ടവർ നിലവിൽ പ്രവർത്തിക്കുന്നുണ്ടോ ഇല്ലയോ എന്നത് സംബന്ധിച്ച് അന്വേഷണംനടത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (എൻക്വയറി നമ്പർ-17/11.11.21)നൽകിയെങ്കിലും ഗ്രാമപഞ്ചായത്ത് അധികൃതർ മറുപടി ലഭ്യമാക്കിയില്ല.

## 1-15 ടെണ്ടർ ഫീസ് വരവ് 54178/- രൂപ തനത് ഫണ്ടിലേക്ക് മാറ്റിയില്ല

2020-2021 വർഷം ഗ്രാമ പഞ്ചായത്ത് ഇ-ടെണ്ടർ ചെയ്തിട്ടുള്ള വർക്കുകളുടെ ടെണ്ടർ ഫീസ് ഇനത്തിൽ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൌണ്ടിലേക്ക് അടച്ചിട്ടുള്ള54178/- രൂപ , പ്രസ്തുത അക്കൌണ്ടിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൌണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിട്ടുണ്ടെന്ന് ഈ വിഷയം സംബന്ധിച്ച എൻക്വയറിക്ക് മറുപടിയായി അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള തനതുഫണ്ട് അക്കൌണ്ടിലേക്ക് ടി തുക ട്രാൻസ്ഫർ ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 വിവിധ ആവശ്യങ്ങൾക്കായി പഞ്ചായത്ത് വാങ്ങിയിട്ടുള്ള ഭൂമികൾ പേരിൽ കൂട്ടിയില്ല.

വിവിധ ആവശ്യങ്ങൾക്കായി പഞ്ചായത്ത് വാങ്ങിയിട്ടുള്ള ഭൂമികൾ, റവന്യ രേഖകൾ പ്രകാരം പേരിൽകൂട്ടുന്നതിന് പഞ്ചായത്ത് കമ്മറ്റി, സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനമെടുത്തിട്ടുണ്ട് (17-06-2020 ലെ പഞ്ചായത്ത് കമ്മറ്റിയുടെ 9(1)-ാം നം. തീരുമാനം). പ്രസ്തുത തീരുമാനമനുസരിച്ച് പഞ്ചായത്തിന്റെ പേരിൽ കൂട്ടിയ വസ്തുവകകൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.31 തീയതി 16-11-2021) താഴെപ്പറയുന്ന വസ്തുവകകൾ പേരിൽ കൂട്ടിയിട്ടില്ലായെന്ന് അറിയിച്ചിട്ടുണ്ട്. വാർഡ് 15 ൽ അംഗൻവാടി നിർമ്മിക്കുന്നതിനായി വാങ്ങിയ ബ്ലോക്ക് നം.11ലെ 91/12-1, 91/13-1 റിസർവ്വെയിൽ ഉൾപ്പെട്ട 1.21 ആർസ് ഭൂമി അളന്ന തിട്ടപ്പെടുത്തുന്നതിന് വില്ലേജോഫീസിൽ അപേക്ഷ നൽകിയിട്ടുണ്ടെങ്കിലും സർവ്വെ റിപ്പോർട്ട് ലഭിച്ചിട്ടില്ലെന്നും, ലൈഫ് സമുച്ചയം നിർമ്മിക്കുന്നതിനായി വാങ്ങിയ സർവ്വെ നം.319/11,319/6ൽ ഉൾപ്പെട്ട ഭൂമി റിസർവ്വെ നടപടി പൂർത്തിയായി പേരിൽ കൂട്ടിയെടുത്തിട്ടില്ലെന്നും അറിയിച്ചു. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വസ്തുവകകൾ അന്യാധീനപ്പെടാതെ പേരിൽ കൂട്ടുന്നതിനും ആസ്തി രജിസ്റ്ററിൽ ഇത് സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തുന്നതിനും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.ഭരണസമിതിയുടെ ഗൌരവകരമായ ഇടപെടലുകൾ ഈ വിഷയത്തിലുണ്ടാകേണ്ടതാണ്.

## 1-17 ബഡ്സ് സ്കൂൾ നിർമ്മാണം- ജി.എസ്സ്.ടി ഇനത്തിൽ അധികം നൽകിയത് 44627/- രൂപ.

പ്രോജക്റ്റ് നം. S0071/20 ബഡ്സ് സ്കൂൾ നിർമ്മാണം

ബഡ്സ് സ്കൂൾ നിർമ്മാണവുമായി ബന്ധപ്പെട്ട ഫയൽ, എം.ബുക്ക് എന്നിവ പരിശോധിച്ചതിൽ, ഫസ്റ്റ് പാർട്ട് ബില്ലിനോടൊപ്പം രണ്ട് തവണ ജി.എസ്.ടി കണക്കാക്കി 44627/-രൂപ കരാറുകാരൻ ശ്രീ റ്റി.ജി അശോകന് അധികം നൽകിയതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

Cclst &Part Bill(as Per M.book Page No.38)

അനുവദിച്ചത്

ആകെ തിട്ടപ്പെടുത്തിയ മൂല്യം. 572234.25

| | |
|---|---|
| ജി.എസ്സ്.ടി 12% | 68668.11 |
| ആകെ | 640902.36- |

റിട്ടെൻഷൻ കുറവ് (2.5%) 16023
റിട്ടെൻഷൻ കുറവ് ചെയ്ത ശേഷം 624879
ജി.എസ്സ്.ടി 12% 74985
ആകെ 699864(-)
നികുതികൾ 27996/-
ബാലൻസ് (To Contractor) 671868/-
എന്നാൽ താഴെ ചേർക്കുവിധം ഫണ്ടിന്റെ പരിമിതിയനുസരിച്ച് 674614രൂപയിൽ ബിൽതുക ലിമിറ്റ് ചെയ്തു.കരാറുകാരന് 646618/--രൂപയായി പരിമിതിപ്പെടുത്തി നൽകി.((തനതു ഫണ്ട് 250000/-+ധനകാര്യ കമ്മീഷൻ ഗ്രാന്റ് 396618/-)

അനുവദനീയമായ തുക
ആകെ തിട്ടപ്പെടുത്തിയ മൂല്യം. 572234.25(cclst &Part Bill(as Per M.book Page No.38)
ജി.എസ്സ്.ടി 12% 68668
ആകെ 640902.36-
റിട്ടെൻഷൻ കുറവ് (2.5%) 16023
റിട്ടെൻഷൻ കുറവ് ചെയ്ത ശേഷം 624879
നികുതികൾ
ജി.എസ്സ്.ടി 2% 11444
വർക്കേഴ്സ് വെൽഫയർ ഫണ്ട് 1% 5722
ആദായ നികുതി !% 5722
ആകെ 22888
കരാറുകാരന് നൽകേണ്ടത് 601991
അധികം നൽകിയ 44,627/-രൂപ തുടർന്നുള്ള ബില്ലുകളിൽ ക്രമീകരിച്ചിട്ടുണ്ടോയെന്നത് സംബന്ധിച്ച് എൻക്വയറി(നം.32 തീയതി 17-11-2021) നൽകിയിരുന്നതിന് മറുപടി ലഭിച്ചിട്ടില്ല. വർക്കിന്റെ ഫൈനൽ ബില്ലിൽ നിന്നും അധികം നൽകിയ തുക കണക്കാക്കി ക്രമീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 പഞ്ചായത്ത് ഓഫീസിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടത് അനിവാര്യം

എ) നിർവ്വഹണ ഉദ്യോഗസ്ഥർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ പഞ്ചായത്ത് അധികൃതരുടെ ഭാഗത്ത് ഉദാസീനത

ഐ എസ് ഓ സർട്ടിഫിക്കേഷൻ ലഭിച്ചിട്ടും നിലവിൽ ഗ്രാമപഞ്ചായത്ത് ഓഫീസിന്റെ അടിസ്ഥാന സൗകര്യങ്ങൾ പരിമിതം. വിട്ട് കിട്ടിയ സ്ഥാപനങ്ങളിലെ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥർക്കും പഞ്ചായത്ത് ഓഫീസിനുള്ളിൽ ഇരുന്ന് ജോലി ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കി നൽകുന്നതിൽ പഞ്ചായത്ത് അധികൃതരുടെ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വനിതാശിശുക്ഷേമവുമായി ബന്ധപ്പെട്ട മേഖലയിലെ പദ്ധതികൾ നിർവ്വഹിക്കുന്ന ഐ സി ഡി എസ് സൂപ്പർവൈസർക്ക്

ഓഫീസിനുള്ളിൽ ഇരുന്ന് ജോലി ചെയ്യുന്നതിനുള്ള സംവിധനങ്ങളോ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ സൂക്ഷിക്കുന്നതിനുള്ള സൗകര്യങ്ങളോ ഒരുക്കി നൽകിയിട്ടില്ല. ഐ സി ഡി എസ് സൂപ്പർവൈസറുടെ മേൽ നോട്ടത്തിൽ നടത്തുന്ന ജാഗ്രതാസമിതി കൂടുന്നതിനുള്ള ഫർണ്ണിച്ചറുകളും മറ്റും 2018-19 വർഷ പ്രോജക്ട് പ്രകാരം വാങ്ങിയിരുന്നെങ്കിലും ടി ഉപകരണങ്ങൾ ഇപ്പോൾ പഞ്ചായത്തിന്റെ മറ്റാവശ്യങ്ങൾക്കായാണ് ഉപയോഗിച്ച് വരുന്നത്.ഇവ ജാഗ്രതാ സമിതിയുടെ ആവശ്യങ്ങൾക്കായി വിട്ട് നൽകുന്നതിനുള്ള നടപടികൾ പഞ്ചായത്ത് അധികൃതരുടെ ഭാഗത്ത് നിന്ന് ഉണ്ടാകേണ്ടതാണ്.. വി ഇ ഓ , അസിസ്റ്റന്റ് എഞ്ചിനീയർ തുടങ്ങിയ നിർവ്വഹണ ഉദ്യോഗസ്ഥർക്കും പരിമിതമായ സൗകര്യങ്ങൾ മാത്രമാണ് നൽകിയിട്ടുള്ളത്. 2019-20 വർഷം പഞ്ചായത്ത് ഓഫീസ് കെട്ടിടം മെയിന്റനൻസ് പ്രവൃത്തികൾ നടത്തിയെങ്കിലും ടി പ്രോജക്ടിൽ ഉൾപ്പെടുത്തി നിർവ്വഹണ ഉദ്യഗസ്ഥർക്ക് മതിയായ സൗകര്യങ്ങൾ ഒരുക്കി നൽകുന്നതിൽ അധികൃതർ താല്പര്യം കാണിച്ചിട്ടില്ല. ഐ എസ് ഓ സർട്ടിഫിക്കേഷൻ ലഭിക്കുന്നതിന്റെ ഭാഗമായി പ്രോജക്ട് നം S0148/20 പ്രകാരം റെക്കോഡ് റൂം സജ്ജീകരിക്കുന്നതിന് 23 റാക്കുകൾ വാങ്ങിയതുൾപ്പടെ ആകെ 335218രൂപ ചെലവഴിച്ചിട്ടുണ്ട്. 2021 വർഷം ഗ്രാമപഞ്ചായത്തിന് ഐ എസ് ഓ സർട്ടിഫിക്കേഷൻ ലഭിച്ചെങ്കിലും ഇപ്പോഴും മഴ പെയ്താൽ പഞ്ചായത്ത് ഓഫീസിന്റെ മുകൾ ഭാഗം ചോർന്നൊലിക്കുന്ന അവസ്ഥയിലാണുള്ളത്. പ്രത്യേകിച്ച് കുടും ബശ്രീ ഓഫീസിനുള്ളിൽ വെള്ളം കെട്ടിക്കിടക്കുകയും ജീവനക്കാർക്ക് ഓഫീസിൽ ഇരുന്ന് ജോലി ചെയ്യാൻ പറ്റാത്ത അവസ്ഥയുമാണുള്ളത്. നിർവ്വഹണ ഉദ്യോഗസ്ഥർക്കും പഞ്ചായത്ത് ഓഫീസിനുള്ളിൽ മതിയായ സൗകര്യങ്ങൾ ഒരുക്കി നൽകിയിട്ടില്ല എന്നതാണ് വാസ്തവം.

ഓഫീസ് ഭരണസംവിധാനം ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് തലങ്ങളിൽ അധിഷ്ഠിതമാക്കുകയും നിലനിർത്തുകയും ചെയ്യുക, പശ്ചാത്തല സംവിധാനങ്ങളുടെ ഗുണനിലവാരം നിലനിർത്തുക മുതലായ ലക്ഷ്യങ്ങൾ കൈവരിച്ചാൽ മാത്രമേ ഐ എസ് ഓ സർട്ടിഫിക്കേഷൻ അതിന്റെ പൂർണ്ണമായ ഫലപ്രാപ്തി നേടുകയുള്ളൂ. ഈ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിൽ ഭരണസമിതിയുടെയും ഉദ്യോഗസ്ഥരുടെയും കൂട്ടായ പ്രവർത്തനം അനിവാര്യമാണ്. പഞ്ചായത്ത് ഓഫീസിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തിയും ഓഫീസ് ഭരണസംവിധാനം കുറ്റമറ്റതാക്കിയും ഈ ലക്ഷ്യം നേടിയെടുക്കേണ്ടതാണ്.

ബി) ഗ്രാമപഞ്ചായത്ത് ഓഫീസിന് പുതിയ കെട്ടിടം -നാളിതുവരെ സഫലമായില്ല

ഗ്രാമപഞ്ചായത്ത് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ ഇതുവരെ ആരംഭിച്ചിട്ടില്ല. ചെറിയനാട് വില്ലേജിൽ ബ്ലോക്ക് നം. 12ൽ സർവ്വെ നം. 294/7 ൽപ്പെട്ട പടനിലം ജംഗ്ഷന് സമീപം ചെങ്ങന്നൂർ-മാവേലിക്കര റൂട്ടിലെ പ്രാധാന റോഡിനോട് ചേർന്ന് 8.70 ആർസ് സ്ഥലം ചെറിയനാട് ഗ്രാമപഞ്ചായത്തിന് 2009-10 വർഷം ഗ്രാമപഞ്ചായത്തിന് കൈമാറിയിരുന്നു. 27.2.2019 തീയതിയിലെ 7/vi(10) നം കമ്മറ്റി തീരുമാന പ്രകാരം പഞ്ചായത്ത് ഓഫീസ് നിർമ്മിക്കുന്നതിനായി ലഭിച്ച ഈ സ്ഥലത്ത് ഓഫീസ് കെട്ടിടവും അനുബന്ധമായി ഷോപ്പിംഗ് കോംപ്ലക്സും നിർമ്മാണം ആരംഭിക്കുന്നതിനായി തീരുമാനമെടുത്തിരുന്നു.. ഇതിൻ പ്രകാരം 2019-20 വർഷം 30000000രൂപ അടങ്കലിൽ പദ്ധതി ആവിഷ്കരിച്ച് 53239 രൂപ നിർമ്മാണത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിരുന്നു. എന്നാൽ പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടില്ല. പഞ്ചായത്ത് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ച് എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരെയും ഒരു കുടക്കീഴിലാക്കുന്നതിനുള്ള സംവിധാനങ്ങൾ സജ്ജമാക്കേണ്ടതാണ്.

## 1-19 അങ്കണവാടിയ്ക്ക് ഫർണ്ണിച്ചർ, സ്റ്റോറേജ് എന്നിവ വാങ്ങൽ - ടെൻഡർ നടപടികളിൽ വീഴ്ച

നിർവ്വഹണ ഉദ്യോഗസ്ഥ: ഐ സി ഡി എസ് സൂപ്പർവൈസർ

പ്രോജക്ടിന്റെ പേര്: അങ്കണവാടിയ്ക്ക് ഫർണ്ണിച്ചർ, സ്റ്റോറേജ് എന്നിവ വാങ്ങൽ

ആകെ ചെലവ് :155354(ചെക്ക് നം.0550542/4.3.2020)

120000(ബിൽ നം.1/20.6.2020)

54446(ബിൽ നം. 10/10.10.2020)

പ്രോജക്ട് നം.:S0135/21

അങ്കണവാടികൾക്ക് ഫർണ്ണിച്ചർ വാങ്ങിയതിന് 2019-20 വർഷം 155354 രൂപയും തൻവർഷം 174446 രൂപയും ഉൾപ്പടെ 329800 രൂപ ചെലവഴിച്ചിരുന്നു. റോയൽ ഫർണ്ണിച്ചർ എന്ന സ്ഥാപനത്തിൽ നിന്ന് ഫർണ്ണിച്ചറുകളും സ്റ്റോറേജ് ബോക്സുകളുമാണ് വാങ്ങിയിരുന്നത്. പ്രസ്തുത വാങ്ങലുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഉപകരണങ്ങൾ വാങ്ങുന്നതിനായി ടെൻഡർ ക്ഷണിച്ചതിൽ വാങ്ങേണ്ട ഉപകരണങ്ങളുടെ കൃത്യമായ സ്പെസിഫിക്കേഷൻ (സ്റ്റീൽ പാത്രങ്ങളുടെ തൂക്കം, ഓഫീസ് ടേബിൾ, കസേര എന്നിവയുടെ അളവ് ) രേഖപ്പെടുത്തിയിരുന്നില്ല.

2) വിഘ്നേശ്വര വിഷ്ണു ഇൻഡസ്ട്രീസ് പാപ്പനംകോട് എന്ന സ്ഥാപനമാണ് ഏറ്റവും താഴ്ന്ന നിരക്ക് രേഖപ്പെടുത്തിയിരുന്നത്. എന്നാൽ ഈ സ്ഥാപനത്തെ ഒഴിവാക്കിയാണ് താരതമ്യേന ഉയർന്ന നിരക്ക് രേഖപ്പെടുത്തിയ റോയൽ ഫർണ്ണിച്ചർ

എന്ന സ്ഥാപനത്തിന്റെ ടെന്റർ അംഗീകരിച്ചാണ് വാങ്ങൽ നടത്തിയിത്.

3)പ്രൊക്യൂർമെന്റ് കമ്മറ്റി ഗുണമേന്മ അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ 10.1.2020 ലെ 1/1(6) കമ്മറ്റി തീരുമാന പ്രകാരമാണ് ടി സ്ഥാപനത്തിന്റെ ടെന്റർ അംഗീകരിച്ചത് അതോടൊപ്പം 1.1.2020 ലെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മററി തീരുമാനത്തിലും റോയൽ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിന്റെ ഉപകരണങ്ങളാണ് ഗുണനിലവാരമുള്ളത് എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. മറ്റ് സ്ഥാപനങ്ങളുടെ ഫർണ്ണിച്ചറുകളുടെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പാക്കിയിതിന്റെ രേഖകൾ പരിശോധനയക്ക് ലഭ്യമാക്കിയില്ല.

മേൽ അപാകതകൾ ചൂണ്ടിക്കാണിച്ച് ഓഡിറ്റ് അന്വേഷണം(18/19-20/9.11.2021) നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കാതിരുന്ന സാഹചര്യത്തിൽ തൻ വർഷത്തെ ചെലവ് തുക 174446 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-20 ജെ.ബി.എസ്സ് സ്കൂൾ കെട്ടിട നിർമ്മാണം-67 എം3 മണ്ണിന്റെ വിനിയോഗം-രേഖകൾ ലഭ്യമല്ല

ജെ.ബി.എസ്സ്. ചെറിയനാട് സ്കൂൾ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് 280 M3 ഗ്രാവൽ അധികം ലഭിച്ചിട്ടുണ്ടെന്ന 29-07-2020 ലെ അസിസ്റ്റന്റ് എഞ്ചിനിയറുടെ കത്ത് പരാമർശിച്ച്,18-08 -2020 ലെ കമ്മറ്റിയുടെ 4ാം നം. തീരുമാനപ്രകാരം ഈ മണ്ണ് പ്ലാവിലപ്പടി റോഡ് പ്രൊട്ടക്ഷൻ പ്രവൃത്തി ചെയ്ത സ്ഥലത്തെ കുഴി ഫില്ല് ചെയ്യുന്നതിനും ഊത്തറ-തോണ്ടുതറ റോഡ് നിർമ്മാണത്തിനും ആയി ഉപയോഗപ്പെടുത്തുവാൻ അനുമതി നൽകിയിട്ടുണ്ട്. അധികമുള്ള മണ്ണ് നീക്കം ചെയ്യുന്നതിനായി പ്രോജക്ട് ഏറ്റെടുക്കുകയും പ്രോജക്ട് പ്രകാരം മേൽ സ്ഥലങ്ങളിലേക്ക് 213 M3 മണ്ണ് മാത്രമാണ് ഉപയോഗപ്പെടുത്തിയിട്ടുള്ളതെന്ന് പ്രസ്തുത ഫയൽ പരിശോധിച്ചതിൽ വ്യക്തമായിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്ലാവിലപ്പടി-റോഡ് പ്രൊട്ടക്ഷൻ പ്രവൃത്തി –19.8m3
ഊത്തറ-തോണ്ടുതറ റോഡ് നിർമ്മാണം -193.2m3

67m3 മണ്ണിന്റെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ (നം.32(1)തീയതി17-11-2021) ,പടനിലം ഗ്രൌണ്ടിൽ കൂട്ടിയിട്ടിരുന്ന 280 M3 മണ്ണ് നീക്കം ചെയ്യാനായി ചെന്നപ്പോൾ 214 M3 മണ്ണ് മാത്രമേ ശേഷിക്കുന്നുള്ളൂവെന്ന് കണ്ടെത്തുകയും ഈ വിവരം 14-09-2020 ൽ സെക്രട്ടറിയെ അറിയിച്ചിരുന്നുവെന്നും കത്തിന്റെ പകർപ്പ് സഹിതം മറുപടി നൽകിയിട്ടുണ്ട്. സെക്രട്ടറിയുടെ ഭാഗത്തുനിന്നും തുടർനടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ആകയാൽ 67m3 മണ്ണിന്റെ വിലയിനത്തിൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ ഉദാസീനത കാരണമാണ് നഷ്ടം സംഭവിച്ചിട്ടുള്ളത്.വിഷയം പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-21 തെരുവ് വിളക്ക് പരിപാലനം -നടപടിക്രമങ്ങളിൽ വീഴ്ച

എ) വഴിവിളക്ക് പരിപാലനം

വഴിവിളക്ക് പരിപാലനം (അടാട്ട് മാതൃക) സ്പിൽ ഓവർ

പ്രോജക്ട് നം. S0222/21

ചെലവഴിച്ച് തുക : 53050(ചെക്ക് നം. 0878805/12.8.2020)

179200രൂപ (ചെക്ക് നം.023028/21.1.2021)

വഴിവിളക്ക് പരിപാലനം (അടാട്ട് മാതൃക) പുതിയത്- S0004/21

ചെലവഴിച്ച തുക : 108850(ചെക്ക് നം.023687/31.3.21)

അടാട്ട് മാതൃകയിൽ നടപ്പാക്കിയ പരിപാലനം പ്രോജക്ടുകൾ പ്രകാരം കരാറുകാരുടെ വേതനമിനത്തിലും വാഹന വാടക ഇനത്തിലുമാണ് തുക ചെലവഴിച്ചിട്ടുള്ളത്. പ്രോജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1)പഞ്ചായത്ത് ഡയറക്ടറുടെ ഉത്തരവ് നം.ജി2-442274/2015/17.8.15 പ്രകാരം തെരുവ് വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ സ്വീകരിക്കുന്നതിനും തുടർ നടപടികൾക്കുമായി നോഡൽ ഓഫീസറെയും നോഡൽ പോയന്റുകളും നിശ്ചയിക്കേണ്ടതാണ്.തെരുവ് വിളക്കുകൾ സംബന്ധിച്ച പരാതികൾ രജിസ്റ്ററിൽ രേഖപ്പെടുത്തി നോഡൽ ഓഫീസർ ഇത് മെയിന്റനൻസ് ടീമിന് കൈമാറേണ്ടതും പരിഹരിച്ച പാരതികളുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി നോഡൽ ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. തെരുവ് വിളക്കുകൾ സംബന്ധിച്ച പരാതി രജിസ്റ്ററിൽ 11.2.2019 മുതൽ 30.10.2019 വരെയും പിന്നീട് 25.1.2021 ലും മാത്രമാണ് രേഖപ്പെടുത്തലുള്ളത്. രേഖപ്പെടുത്തലുകൾ ഉള്ള തീയതികളിൽ മെമ്പർമാരുടെ സാക്ഷ്യപ്പെടുത്തലും വരുത്തിയിട്ടില്ല.

2) മെയിന്റനൻസ് നടത്തിയ തെരുവ് വിളക്കുകളുടെ വിവരങ്ങൾ അതാത് വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയ രേഖകൾ ലഭ്യമാക്കിയിട്ടില്ല. പകരം കരാറുകാർ ലഭ്യമാക്കിയ രേഖകൾ അംഗീകരിച്ച് തുക ചെലവഴിക്കുകയാണ്

ചെയ്തിട്ടുള്ളത്.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(10/9.11.2021) പരാതി രജിസ്റ്റർ ഗ്രമപഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിട്ടുള്ളതാണെന്നും ആയത് പൊതുജനങ്ങൾക്ക് ലഭ്യമാണെന്നും മറുപടി നൽകി. അതോടൊപ്പം കോവിഡ് കാലമായതിനാൽ ആരും പരാതി രേഖപ്പെടുത്താൻ സാധിച്ചില്ല എന്നും തെരുവ് വിളക്ക് പരിപാലനം അനിവാര്യ ചുമതലയിൽ പെടുന്നതിനാലാണ് പരാതിയില്ലാതെ തന്നെ അറ്റകുറ്റപ്പണികൾ നടത്തിയിത് എന്നും വാർഡ് തലത്തിൽ ഇലക്ട്രീഷ്യൻമാർ നൽകുന്ന റിപ്പോർട്ടിന് അവസാനം പരിപാലനം നടത്തിയതായി വാർഡ് അംഗങ്ങൾ സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട് എന്ന് മറുപടിയിൽ പറഞ്ഞിരിക്കുന്നു. എന്നാൽ പരാതി രജിസ്റ്ററിന്റെ അടിസ്ഥാനത്തിലല്ലാതെയും കരാറുകാരൻ അറ്റകുറ്റപണി നടത്തിയത് സംബന്ധിച്ച് പരിശോധനാ വിധേയമാക്കാതെയും തുക ചെലവഴിച്ചത് ക്രമവിരുദ്ധമായ നടപടിയാണ്.

അപാകതകൾക്ക് തൃപ്തികരമായ മറുപടി ലഭിച്ചിട്ടില്ലാത്തതിനാൽ രണ്ട് പ്രോജക്ടുകൾ പ്രകാരവുമുള്ള ആകെ ചെലവ് തുക 341100 രൂപ തടസ്സപ്പെടുത്തുന്നു.

ബി)വഴിവിളക്ക് പരിപാലനം സാധനങ്ങൾ വാങ്ങൽ -വിതരണ രേഖകൾ ലഭ്യമാക്കിയില്ല

പ്രോജക്ടിന്റെ പേര്: വഴിവിളക്ക് പരിപാലനം സാധനങ്ങൾ വാങ്ങൽ

പ്രോജക്ട് നം:S005/21

ചെലവഴിച്ച തുക : 311425 രൂപ (ചെക്ക് നം. 2980050/27.11.2020-284029, ചെക്ക് നം.023687/31.3.21)

വഴിവിളക്കുകൾ വാങ്ങി സ്ഥാപിക്കുന്നതിനായി നടപ്പാക്കിയ പ്രോജക്ട് പ്രകാരം യുണൈറ്റഡ് ഇലക്ട്രിക്കൽസ് കൊല്ലം എന്ന സർക്കാർ അംഗീകൃത സ്ഥാപനത്തിൽ നിന്ന് ടെന്റർ നടപടികൾ കൂടാതെ തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. 311425 രൂപ ചെലവഴിച്ച് വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും പൂർണ്ണമായും കരാറുകാരന് നൽകിയതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ കരാറുകാരന് നലകിയ ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഉപയോഗിച്ച ഉപകരണങ്ങളുടെ എണ്ണം സംബന്ധിച്ച കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. കരാറുകാരൻ കൈപ്പറ്റിയ ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.11/9.11.21) മറുപടിയോ രേഖകളോ ലഭ്യമാക്കാതിരുന്ന സാഹചര്യത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-22 ബയോ ഡൈജസ്റ്റർ കമ്പോസ്റ്റ് ബിൻ -ഗുണഭോക്താക്കളെ കൃത്യമായി കണ്ടെത്താതെ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി

പ്രോജക്ട് നം . 233/21

പേര് .ബയോ ഡൈജസ്റ്റർ കമ്പോസ്റ്റ് ബിൻ നല്കൽ

അടങ്കൽ . 1386000/-

ചെലവ് . 360000/-

2020-21ൽ വി.ഇ.ഒ നിർവ്വണ ഉദ്യോഗസ്ഥയായി ആവിഷ്കരിച്ച നടപ്പാക്കിയ പദ്ധതിയാണ് ബയോ ഡൈജസ്റ്റർ കമ്പോസ്റ്റ് ബിൻ നല്കൽ . പദ്ധതി ആസൂത്രണ രേഖ പ്രകാരം ഗ്രാമ പഞ്ചായത്തിനെ സമ്പൂർണ്ണ ശുചിത്വ പദവിയിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച ഈ പദ്ധതി പ്രകാരം സർക്കാർ അംഗീകൃത സ്ഥാപനമായ സോഷ്യോ ഇക്കണോമിക്ക് യൂണിറ്റ് ഫൗണ്ടേഷൻ ആലപ്പുഴയിൽ നിന്നും ഒരു വാർഡിന് 51 ബയോ ബിൻ വീതം 15 വാർഡുകളിലേക്ക് 770 എണ്ണം ബയോ ബിൻ വാങ്ങി നല്കുന്നു . 1800/- രൂപ വിലയുള്ള ബിന്നിന്റെ 10% തുകയായ 180/- രൂപ ഗുണഭോക്താവും ബാക്കി 1620/-രൂപ (90% സബ്സിഡി) ശുചിത്വ മിഷൻ പെർഫോമൻസ് ബേസ് ഇൻസന്റീവ് ഗ്രാന്റും നിർമ്മൽ പുരസ്കാര വിഹിതവും ചേർന്നുള്ള തുകയിൽ നിന്നും നല്കുന്നതിന് പഞ്ചായത്ത് ഭരണ സമിതി 25.08.2020ൽ 1 (1) നമ്പർ തീരുമാനമെടുത്തു .

ഗ്രാമ പഞ്ചായത്തിനു വേണ്ടി വി.ഇ.ഒ ഒന്നാം കക്ഷിയായും സോഷ്യോ ഇക്കണോമിക്ക് യൂണിറ്റ് ഫൗണ്ടേഷൻ , ആലപ്പുഴ രണ്ടാം കക്ഷിയായും 28.10.2020ൽ ഏർപ്പെട്ട കരറിലെ 7.1 ഖണ്ഡിക പ്രകാരം 770 ബിന്നിന്റെ വിലയായ 1386000/- രൂപയുടെ 20% തുക അഡ്വാൻസായി രണ്ടാം കക്ഷിയ്ക്ക് നല്കുവാൻ വ്യവസ്ഥ ചെയ്യുന്നു . ഗണ്യമായ തുകയ്ക്കുള്ള പ്രവർത്തി പൂർത്തികരിയ്ക്കുന്ന മുറയ്ക്ക് പാർട്ട് പേയ്മെന്റും , പ്രവർത്തി പൂർത്തീകരിയ്ക്കുന്ന മുറയ്ക്ക് പൂർത്തീകരണ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ബാക്കി തുകയും നല്കുവാൻ കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട് . ഇതിന്റെ അടിസ്ഥാനത്തിൽ 277200/- രൂപ അഡ്വാൻസായി നല്കിയിരുന്നു . അഡ്വാൻസായി നല്കിയ 277200/- രൂപ കഴിച്ച് 82800/- രൂപ കൂടി ചേർത്ത് 360000/- രൂപ 2020-21 ൽ പദ്ധതിയ്ക്കായി ചെലവഴിച്ചിട്ടുണ്ട് .

537 ഗുണഭോക്താക്കൾ 2020-21ൽ ഗുണഭോക്തൃ വിഹിതം അടച്ചിരുന്നു .770 ബിന്നുകൾ വാങ്ങി വിതരണം

ചെയ്യുവാനാണ് പദ്ധതി വിഭാവനം ചെയ്തിരുന്നതെങ്കിലും 2020-21ൽ 200 ബിന്നുകൾ മാത്രമാണ് വാങ്ങി വിതരണം ചെയ്തത് . ഗുണഭോക്തൃ വിഹിതമായി അടച്ച തുക നിലനിൽക്കെ ശുചിത്വ മിഷൻ ഫണ്ടും , നിർമ്മൽ പുരസ്കാര തുകയും മാത്രമാണ് സോഷ്യോ ഇക്കണോമിക്ക് യൂണിറ്റ് ഫൗണ്ടേഷനിൽ അടച്ചത് . പദ്ധതി നിർവ്വഹണത്തിലെ അപാകതകളിന്മേൽ വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണം നം. 26/20-21/16.11.21ന് ആദ്യ 200 ബിന്നുകൾ വിതരണം ചെയ്തതിനു ശേഷം ഇലക്ഷൻ അറിയിപ്പ് വന്നതിനാൽ ഗുണഭോക്തൃ വിഹിതം അടച്ച ബാക്കി 337 പേർക്ക് ബിന്നുകൾ നല്കുവാൻ സാധിച്ചില്ല എന്നും അവർക്കുള്ള സപ്ലൈ ഓർഡർ 15.11.2021 നല്കിയിട്ടുണ്ടെന്നും അറിയിച്ചു . ബാക്കി 233 പേർക്ക് ബയോ ബിൻ നല്കുവാൻ ഉള്ളതിന്റെ ഗുണഭോക്തൃ ലിസ്റ്റിൽ ഇതുവരേയും തീരുമാനമായില്ല എന്നും ഇവരെ കണ്ടെത്തി പദ്ധതി പൂർത്തീകരിയ്ക്കുന്നതാണെന്നുള്ള മറുപടിയിലെ പരാമർശം ഗൗരവം അർഹിയ്ക്കുന്നു .

1386000/- രൂപ അടങ്കൽ ഉള്ളതും 20% അഡ്വാൻസ് അടച്ചതും ചെലവിന്റെ 90% സബ്സിഡിയുമായ പദ്ധതി കൃത്യമായി ഗുണഭോക്താക്കളെ കണ്ടെത്താതെയാണ് നടപ്പാക്കുന്നത് എന്നത് പദ്ധതി ആസൂത്രണ നിർവ്വഹണത്തിലെ വീഴ്ചയാണ് . ഗ്രാമ പഞ്ചായത്തിനെ സമ്പൂർണ്ണ ശുചിത്വ പദവിയിലെത്തിക്കുക എന്ന പഞ്ചായത്തിന്റെ ലക്ഷ്യം ഏറ്റെടുക്കുവാൻ പൊതു ജനങ്ങൾക്ക് ആവശ്യമായ ബോധവൽക്കരണം നല്കേണ്ടതാണ് . വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു .

## 1-23 കുടിവെള്ള വിതരണം -അപാകതകൾ

പ്രോജക്ടിന്റെ പേര്: വരൾച്ച കുടിവെള്ളവിതണം

പ്രോജക്ട് നം.S0123/21

നിർവ്വഹണ ഉദ്യോഗസ്ഥൻ :സെക്രട്ടറി

ചെലവഴിച്ച തുക :512098(ചെക്ക്നം.2961203/3.6.2020)

2020-21 വർഷം ഗ്രാമപഞ്ചായത്തിലെ വരൾച്ച ബാധിത പ്രദേശങ്ങളിൽ കുടിവള്ളം വിതരണം നടത്തുന്നതിനായി ടെന്റർക്ഷണിച്ചതിൽ കുറഞ്ഞ ടെന്റർ ഹാജരാക്കിയത് ജോൺസ് മാത്യു, കൊച്ചു കാട്ടിൽ കോട്ടേജ് എന്ന വ്യക്തിയാണ്. കുടിവെള്ള വിതരണം നടത്തിയതിലെ ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1) കുടിവെള്ള വിതരണത്തിനുള്ള ടെന്റർ ക്ഷണിച്ചതിനോടൊപ്പം ജില്ലാഭരണകൂടത്തിന്റെ നിബന്ധനകളും ഉൾക്കൊള്ളിച്ചിരുന്നു. പ്രസ്തുത നിബന്ധനകളിലെ 14ാം നിബന്ധന പ്രകാരം കുടിവെള്ള വിതരണത്തിന് ശേഷം വാഹനങ്ങൾ പമ്പ് ഹൗസിന് സമീപം പാർക്ക് ചെയ്യേണ്ടതാണ്. ഇതനുസരിച്ച് കരാറുകാരന്റെ വാഹനം നമ്പർ KL-30G-5806 പാർക്ക് ചെയ്യേണ്ടത് പമ്പ് ഹൗസ് പ്രായിക്കരയിലാണ്. എന്നാൽ വാഹനത്തിൽ ജി പി എസ് റിപ്പോർട്ട് പ്രകാരം വാഹനത്തിന്റെ പാർക്കിംഗ് സ്ഥലം ബുധനൂർ ആണ്. ഇത് ടെന്റർ നിബന്ധനയുടെ ലംഘനം ആണ്.

2) കരാറുകാരൻ ഹാജരാക്കിയ ട്രിപ്പ്ഷീറ്റിൽ സഞ്ചരിച്ച ദൂരം ,സമയം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഓടിയ ദൂരം സംബന്ധിച്ച് കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

3) കുടിവെള്ള വിതരണത്തിനുള്ള വാഹനം 7.4.2020 ൽ 201 കി മീ, 8.4.2020 ൽ 218 കി മീ, 9.4.2020 ൽ 289 കി മീ എന്നിങ്ങനെ ഓടിയതായി ജി പി എസ് റിപ്പോർട്ടിൽ കാണുന്നു.ട്രിപ്പ് ഷീറ്റിൽ വാഹനം ഓടിയ ദൂരം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഇത്രയും ദൂരം സഞ്ചരിച്ചതിന്റെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.28/16.11.2021) നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി ലഭ്യമാക്കിയ മറുപടിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതല നിർവ്വഹണാർത്ഥം വരൾച്ചാ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട കുടിവെള്ള വിതരണത്തിന് ഏർപ്പെടുത്തിയ ടാങ്കർ വാഹനം പാർക്ക് ചെയ്യുന്നതിന് പ്രായിക്കര പമ്പ് ഹൗസിന് സമീപം സൗകര്യമില്ല , പൊതു സ്ഥലത്ത് വാഹനം പാർക്ക് ചെയ്താൽ വാഹനത്തിലെ ടാങ്കറിൽ സാമൂഹ്യ വിരുദ്ധരുടെ ഇടപെടൽ മൂലം പൊതുജനങ്ങൾക്ക് ആരോഗ്യ പ്രശ്നങ്ങളുണ്ടാകുന്ന രീതിയിൽ എന്തെങ്കിലും സംഭവിച്ചാൽ പഞ്ചായത്തിന് ബാദ്ധ്യതയാകുമെന്നതിനാലും പൊതുജനങ്ങളുടെ ആരോഗ്യം മുൻ നിർത്തിയും വാഹനത്തിന്റ സുരക്ഷ മുൻ നിർത്തിയുമാണ് കരാറുകാരന്റെ ഉത്തരവാദിത്വത്തിൽ വാഹനം പാർക്ക് ചെയ്യാൻ അനുവദിച്ചത്. പഞ്ചായത്തും കരാറുകാരനും തമ്മിലുള്ള കരാർ പ്രകാരം ഒരു ദിവസം വാഹനം 5ട്രിപ്പ് മാത്രം ഓടുന്നതിനാണ് വ്യവസ്ഥ ചെയ്തിരുന്നതെങ്കിലും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ അതീവ വരൾച്ച നേരിടുന്നതിനാൽ കുടിവള്ളം തീരുന്ന മുറയ്ക്ക് റി ഫിൽ ചെയ്യാതിരുന്നത് മൂലം പൊതു ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകുകയും ആയത് പഞ്ചായത്തിന്റെ ചുമതലാ നിർവ്വഹണവുമായി ബനധപ്പെട്ട് പരാതിക്ക് കാരണമാവുകയും ചെയ്യും.അതിനാൽ അത്യാവശ്യ വാർഡുകളിൽ കുടിവെള്ളം വിതരണം ചെയ്തതിന് ശേഷം മറ്റ് വാർഡുകളിൽ കുടിവെള്ളം വിതരണം ചെയ്യേണ്ടി വരുമെന്നതിനാൽ വാഹനം കൂടുതൽ ദൂരം ഓടേണ്ട സാഹചര്യമുണ്ടായത് എന്നും മറുപടിയിൽ രേഖപ്പെടുത്തിയിരിക്കുന്നു.

എന്നാൽ കരാറുകാരൻ ഹാജരാക്കിയ ട്രിപ്പ് ഷീറ്റിൽ കുടിവെള്ളം വിതരണം ചെയ്ത സമയം, വാഹനം സഞ്ചരിച്ച ദൂരം എന്നിവ രേഖപ്പെടുത്തിയിരുന്നില്ല. കുടിവെള്ളം വിതരണം ചെയ്യുന്ന വാഹനം പമ്പ് ഹൗസിന് സമീപം

സൂക്ഷിക്കണമെന്ന് ടെന്റർ ക്ഷണിച്ചതിനോടൊപ്പം ചേർത്തിട്ടുള്ള നിബന്ധനകളിൽ തന്നെ ഉൾപ്പെടുന്നതാണ്. ഈ നിബന്ധന കരാറുകാരന് പാലിക്കാൻ സാധിക്കുന്നില്ലായെങ്കിൽ ബന്ധപ്പെട്ട അധികാരികളെ ടി വിവരം ധരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കരാർ നിബന്ധന പ്രകാരം ഒരു ദിവസം 5 ട്രിപ്പ് മാത്രം ഓടാൻ അനുമതിയുള്ളു എന്നിരിക്കെ കൂടുതൽ ട്രിപ്പുകൾ ഓടിയതിനനുസരിച്ച് വാഹനത്തിന് തുക അനുവദിച്ചത് കരാർ നിബന്ധനകളുടെ ലംഘനമാണ്. തന്നെയുമല്ല, 7.4.2020,8.4.2020, 9.4.2020 തീയതികളിലെ ട്രിപ്പ് ഷീറ്റുകളിൽ വാഹനം ഏതൊക്കെ വാർഡുകളിൽ ഓടി എന്നതിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സഞ്ചരിച്ച ദൂരം സംബന്ധിച്ച് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. കുടിവെള്ള വിതരണം നടത്തിയതിൽ മേൽ അപാകതകൾ നിലനിൽക്കുന്നതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-24 പ്ലാസ്റ്റിക്ക് നിർമ്മാർജ്ജനം-പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

പ്രോജക്ട് നം. 37/21

പേര് . പ്ലാസ്റ്റിക്ക് നിർമ്മാർജ്ജനം-ഹരിത ഗ്രൂപ്പുകൾക്ക് തുണി സഞ്ചി / പേപ്പർ ക്യാരി ബാഗ് യൂണിറ്റ്

അടങ്കൽ . 200000

ചെലവ് . 72888

ബിൽ നം. 4/20-21/15.10.20/38000

16/20-21/15.01.21/10000

23/20-21/26.02.21/24888

ചെറിയനാട് ഗ്രാമ പഞ്ചായത്തിൽ പ്ലാസ്റ്റിക്ക് നിർമ്മാർജ്ജനം നടത്തുന്നതിന്റെ ഭാഗമായി പഞ്ചായത്തിലെ 15 വാർഡുകളിലും തുണി സഞ്ചി നിർമ്മിച്ച് വിതരണം ചെയ്യുവാൻ ലക്ഷ്യമിട്ടുള്ളതായിരുന്നു ഈ പദ്ധതി. സഞ്ചീവനി മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റലുമായി ചേർന്നാണ് ഈ പദ്ധതി നടപ്പാക്കിയത്. ആശുപത്രി സംഭാവനയായി നല്കിയ തുണി തികയാതിരുന്നതിനെ തുടർന്ന് 1000മീറ്റർ തുണി 38000/-രൂപയ്ക്ക് വാങ്ങിയാണ് സഞ്ചി നിർമ്മിച്ചത് .

രേഖകൾ പ്രകാരം ഏഴ കുടുംബശ്രീകളാണ് തുണി സഞ്ചി നിർമ്മിച്ചിട്ടുള്ളത് .ഓരോ കുടുംബശ്രീയും നിർമ്മിച്ച സഞ്ചിയുടെ എണ്ണത്തിന് ഒരു സഞ്ചിയ്ക്ക് 6/- നിരക്കിൽ വില നല്കിയിട്ടുണ്ട് .

| കുടുംബശ്രീയുടെ പേര് | നിർമ്മിച്ച സഞ്ചിയുടെ എണ്ണം | നല്കിയ തുക |
|---|---|---|
| മില്ലേലിനം | 485 | 2910 |
| നിറദീപം | 526 | 3156 |
| സൗഹൃദ | 180 | 1080 |
| ആരാധന | 466 | 2796 |
| അനുഗ്രഹ | 1710 | 10260 |
| സൂര്യപ്രഭ | 200 | 1200 |
| ഗുരുകൃപ | 581 | 3486 |
| ആകെ | 4148 | 24888 |

ഫയൽ പരിശോധിച്ചതിൽ പദ്ധതി നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു

1. കുടുംബശ്രീ യൂണിറ്റുകൾ എല്ലാം കൂടി 4148 തുണി സഞ്ചികൾ നിർമ്മിച്ചിട്ടുള്ളതായി , അവർ തുക ആവശ്യപ്പെട്ടു കൊണ്ടുള്ള കത്തിൽപ്പറയുന്നുണ്ടെങ്കിലും 2000 തുണിസഞ്ചികൾക്ക് 5/-രൂപ നിരക്കിൽ പഞ്ചായത്തിന്റെ പേരും കോവിഡ് സന്ദേശവും പ്രിന്റ് ചെയ്തതിന്റെ തുക മാത്രമാണ് താരാ ഓഫസെറ്റ് പ്രിന്റേഴ്സ് എന്ന സ്ഥാപനത്തിന് നല്കിയിട്ടുള്ളത് . ബാക്കി സഞ്ചികളിൽ പഞ്ചായത്തിന്റെ പേരും കോവിഡ് സന്ദേശവും പ്രിന്റ് ചെയ്തതിന്റെ രേഖയില്ല .

2. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും തുണി സഞ്ചി വിതരണം വിതരണം ചെയ്യുവാൻ പഞ്ചായത്ത് ഭരണ സമിതിയുടെ 18.08.2020, 25.08.2020 തീയതികളിലെ 1(4) നമ്പർ തീരുമാന പ്രകാരം പദ്ധതി ലക്ഷ്യം വച്ചിരുന്നു. ഇതിന്റെ വിതരണ രേഖകൾ പ്രസിഡന്റിന്റെ ലെറ്റർ പാഡിൽ ആണ് എഴുതിയിട്ടുള്ളത് . എന്നാൽ വിതരണ രേഖയിൽ 2-ം വാർഡിനെ പ്രത്യേക കാരണം പറയാതെ ഒഴിവാക്കിയിട്ടുണ്ട് .

3. 4148 തുണി സഞ്ചികൾ നിർമ്മിച്ചിട്ടുള്ളതായി പറയുന്നുവെങ്കിലും ഇവ സ്റ്റോക്കിൽ എടുത്തതിന്റെയോ കൃത്യമായി വിതരണം ചെയ്തതിന്റെയോ രേഖകൾ ഇല്ല . പ്രസിഡന്റിന്റെ ലെറ്റർ പാടിൽ എഴുതിയിട്ടുള്ള വിതരണ രേഖ പ്രകാരം 5 വാർഡുകളിലായി 750 തുണി സഞ്ചികൾ മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ . ഇത് ആരാണ് കൈപ്പറ്റിയതെന്ന്

പരാമർശിച്ചിട്ടുമില്ല . വിശദാംശം ചുവടെ .

| വാർഡിന്റെ നമ്പർ | വിതരണം ചെയ്തതിന്റെ എണ്ണം |
|---|---|
| 1 | 150 |
| 3 | 200 |
| 5 | 150 |
| 11 | 125 |
| 15 | 125 |
| ആകെ | 750 |

പദ്ധതി നിർവ്വഹണത്തിലെ അപാകതയിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം . 30/20-21/16.11.21 ന് ഉള്ള മറുപടിയിൽ പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ എല്ലാ വാർഡുകളിലും തുണി സഞ്ചി വിതരണം ചെയ്തിരുന്നുവെന്നും 750എണ്ണം തുണി സഞ്ചി മാത്രമേ സ്റ്റോക്കിലെടുത്തിട്ടുള്ളുവെന്നും ബാക്കിയുടെ സ്റ്റോക്ക് തയ്യാറാക്കി ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്നും അറിയിച്ചു . എന്നാൽ കൃത്യമായ സ്റ്റോക്ക് / വിതരണ രേഖകൾ ഹാജരാക്കിയില്ല. 2-ം വാർഡ് ഒഴിവാക്കിയതിന് കാരണവും വ്യക്തമാക്കിയിട്ടില്ല .

പദ്ധതി നിർവ്വഹണത്തിൽ പ്രകടമായ പൊരുത്തക്കേടുകൾ നിലനിൽക്കുന്ന സാഹചര്യത്തിലും പ്ലാസ്റ്റിക്ക് നിർമ്മാർജ്ജനം എന്ന ലക്ഷ്യം കൈവരിച്ചിട്ടില്ലാത്തതിനാലും പദ്ധതിയ്ക്കായുള്ള 72888/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു . കൃത്യമായ സ്റ്റോക്ക് /വിതരണ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ് .
പദ്ധതി നിർവ്വഹണം കാര്യക്ഷമമായി നടക്കുന്നുവെന്ന് ഭരണ സമിതി ഉറപ്പു വരുത്തേണ്ടതാണ് .

## 1-25 പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് മരുന്നുവാങ്ങൽ-മുൻകൂർ തുകയ്ക്കുള്ള മരുന്നു നാളിതുവരെലഭിച്ചില്ല

2020-21 സാമ്പത്തികവർഷം പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് മരുന്ന് വാങ്ങുന്നതിന് "കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് മുൻകൂറായി തുക നല്കി. എന്നാൽ ഒടുക്കിയ തുകയ്ക്കുള്ള മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര്, നിർവ്വഹണ ഉദ്യോഗസ്ഥൻ | മരുന്ന്/ ഉപകരണങ്ങൾ വാങ്ങുന്നതിന് ചെലവഴിച്ച തുക | ട്രഷറി ബിൽ നം./ചെക്ക് നം.,തീയതി | ലഭിച്ച മരുന്നിന്റെ വില | ലഭിക്കാൻ അവശേഷിക്കുന്ന മരുന്നിന്റെ വില |
|---|---|---|---|---|---|
| 55/2020-21 | പാലിയേറ്റീവ് പരിചരണം | 62500 (വികസനഫണ്ട് ജനറൽ) | 06/2020-21 തീ.16.01.2021 | --- | 62,500 |
| 56/2020-21 | പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് മരുന്ന് വാങ്ങൽ. | 431424 (മെയിന്റനൻസ് ഗ്രാന്റ്, റോഡിതരം) | 04/2020-21 തീ.11.01.2021 | ---- | 4,31,424 |
| ആകെ | | | | | 4,93,924 |

സമയബന്ധിതമായി മരുന്ന് ലഭിക്കാതെവന്നാൽ ആശുപത്രിയുടെ ദൈനംദിന പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നതാണ്. മാത്രമല്ല അടുത്ത സാമ്പത്തിക വർഷത്തിൽ പദ്ധതി ആവിഷ്കരിക്കുമ്പോൾ മരുന്നുകളുടെ ആവശ്യകത നിർണ്ണയിക്കുന്നതിന് സാധിക്കാതെ വരും.

മരുന്നുകൾ യഥാസമയം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് ആയതിന്റെ പുരോഗതി ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

## 1-26 ഗവ.ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്നുവാങ്ങൽ-മുൻകൂർ തുകയ്ക്കുള്ള മരുന്നുകൾ ലഭിച്ചില്ല

2020-21 സാമ്പത്തികവർഷം ഗവ.ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങുന്നതിന് "ഹോംകോ" എന്ന സ്ഥാപനത്തിന് മുൻകൂറായി തുക നല്കി. എന്നാൽ ഒടുക്കിയ തുകയ്ക്കുള്ള മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര്, നിർവ്വഹണ ഉദ്യോഗസ്ഥൻ | മരുന്ന്/ ഉപകരണങ്ങൾ വാങ്ങുന്നതിന് ചെലവഴിച്ച തുക | ട്രഷറി ബിൽ നം./ചെക്ക് നം.,തീയതി | ലഭിച്ച മരുന്നിന്റെ വില | ലഭിക്കാൻ അവശേഷിക്കുന്ന മരുന്നിന്റെ വില |
|---|---|---|---|---|---|
| 58/2020-21 | ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്നുവാങ്ങൽ | 1,50000 (മെയിന്റനൻസ് ഗ്രാന്റ്, റോഡിതരം) | 01/2020-21 തീ.22.09.2020 | 69,342 | 80,658 |
| ആകെ | | | | | 80,658 |

സമയബന്ധിതമായി മരുന്ന് ലഭിക്കാതെവന്നാൽ ആശുപത്രിയുടെ ദൈനംദിന പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നതാണ്. മാത്രമല്ല അടുത്ത സാമ്പത്തിക വർഷത്തിൽ പദ്ധതി ആവിഷ്കരിക്കുമ്പോൾ മരുന്നുകളുടെ ആവശ്യകത നിർണ്ണയിക്കുന്നതിന് സാധിക്കാതെ വരും.

മരുന്നുകൾ യഥാസമയം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ "ഹോംകോ" യുമായി സ്വീകരിച്ച് ആയതിന്റെ പുരോഗതി ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

## 1-27 ഫെസ്റ്റിവൽ അഡ്വാൻസ് 9000/-രൂപ തിരിച്ചുപിടിച്ചിട്ടില്ല

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ,B18 ഷെഡ്യൂൾ പ്രകാരം 2019-20 വർഷം നൽകിയ ഓണം അഡ്വാൻസ് 3000/- രൂപ ഉൾപ്പടെ 60,000/- രൂപ ഫെസ്റ്റിവൽ അഡ്വാൻസ് നൽകിയത് തിരിച്ചുപിടിക്കാൻ അവശേഷിക്കുന്നു. തുടർന്നുള്ള വർഷങ്ങളിൽ മുൻകൂർ നൽകിയ തുക തിരികെ ഈടാക്കിയിട്ടുണ്ടോ,ഈടാക്കാൻ അവശേഷിക്കുന്ന തുകയുടെ വിശദാംശങ്ങൾ എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 25/തീയതി 16-11-2021) ലഭ്യമാക്കിയ മറുപടിയിൽ , 19-20 വർഷത്തെ തുക(3000/- രൂപ )തിരിച്ച് പിടിച്ചിട്ടുണ്ടെന്നും മുൻ അക്കൌണ്ടന്റ് ശ്രീ. സെബാസ്റ്റ്യനിൽ നിന്ന് ഈടാക്കാനുള്ള 9000/- രൂപ മാത്രമേ ഈടാക്കാൻ അവശേഷിക്കുന്നുള്ളുവെന്നും അറിയിച്ചു. പ്രസ്തുത തുക മേൽപ്പറഞ്ഞ ജീവനക്കാരനിൽ നിന്നും ഈടാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-28 ഘടക സ്ഥാപനങ്ങളുടെ കണ്ടിജന്റ് ചെലവ് -മുൻകൂർ നൽകിയ തുക ചെലവഴിക്കാതെ അവശേഷിക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രോജക്ടിന്റെ പേര് : ഘടക സ്ഥാപനങ്ങളുടെ കണ്ടിജന്റ് ചെലവ്

പ്രോജക്ട് നം.S006//21

2020-21 വർഷം ഘടക സ്ഥാപനങ്ങളുടെ കണ്ടിജന്റ് ചെലവുകൾക്കായി അനുവദിച്ച തുകയിൽ വർഷാവസാനം ചെലവഴിക്കാതെ അവശേഷിക്കുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ വിശദാംശങ്ങൾ | ചെലവഴിച്ച തുക | തുക കൈപ്പറ്റിയ സ്ഥാപനം | കൈപ്പറ്റിയ തുക | 31.3.2021 തീയതിയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| ഘടക സ്ഥാപനങ്ങളുടെ ആവർത്തന ചെലവ് (S0006/21) | 150000 (ബിൽ നം.17/27.11.2020) 50000(ബിൽ നം.20/22.11.2020) | വെറ്റിനറി ഡിസ്പൻസറി,ചെറിയനാട് | 40000 | 25837 | |
| | | കൃഷി ഓഫീസർ | 40000 | 36234 | 24.9.2021 ലെ ബാലൻസ് 26970 |

| | | | | |
|---|---|---|---|---|
| | | | | രൂപ |
| | മെഡിക്കൽ ഓഫീസർ, ഹോമിയോ | 10000 | 5000 | |
| | വെറ്ററിനറി സർജ്ജൻ, തുരുത്തിമേൽ | 30000 | 14216 | 7.6.2021 ൽ 27706 രൂപ അവശേഷിക്കുന്നു. |
| | മെഡിക്കൽ ഓഫീസർ, പി എച്ച് സി | 50000 | 20430 | |

സാമ്പത്തിക വർഷാവസാനങ്ങളിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുകകൾ അതാത് സ്ഥാപനങ്ങളിൽ നിന്ന് തിരികെ ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 27/2020-21 /16.11.2021) ലഭ്യമാക്കിയ മറുപടിയിൽ കണ്ടിജന്റ് ചെലവുകൾക്കായി നൽകിയ തുകയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ ഈടാക്കുന്നതിന് സ.ഉ(എംഎസ്) 80/17/തസ്വഭവയതി.3.4.2007 ലെ ഉത്തരവിലെ ഖ-29 പ്രകാരവും സർക്കുലർ നം.ഡി എ1/1032/2017/തസ്വഭവ.തീ.6.6.2018 ലും വ്യക്തമാക്കിയിട്ടില്ല എന്നും കൃഷി ഭവന്റെ കാര്യത്തിലൊഴികെ മറ്റ് എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും ഫണ്ട് സൂക്ഷിച്ചിട്ടുള്ളത് ട്രഷറി റ്റി എസ് ബി അക്കൗണ്ടിലാണ് എന്നും രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ സ.ഉ(കൈ)നം.22/18/തസ്വഭവയതി. 14.2.18 ഖ-8-8 പ്രകാരം തദ്ദേശ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള കൈമാറിക്കിട്ടിയ സ്ഥാപന മേധാവികൾ ഒരു വർഷത്തേക്കുള്ള കണ്ടിജൻസി ചെലവുകളുടെ ആവശ്യകത പരിഗണിച്ച് പട്ടിക തയാറാക്കി തദ്ദേശ സ്ഥാപന സെക്രട്ടറിയ്ക്ക് നൽകേണ്ടതാണ്. ആവശ്യം പരിഗണിച്ച് ഒരു നടപടിക്രമ ഉത്തരവിലൂടെ എല്ലാ സ്ഥാപനഅധികാരികൾക്കും സെക്രട്ടറി തുക അനുവദിക്കേണ്ടതാണ്.അനുവദിച്ച തുകയുടെ ഉപയോഗ സാക്ഷ്യപത്രം തദ്ദേശ സ്ഥാപന സെക്രട്ടറിയക്ക് നൽകേണ്ടതാണെന്നും പ്രസ്തുത മാർഗ്ഗരേഖയിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഒരു വർഷത്തേയ്ക്ക് മാത്രമുള്ള കണ്ടിജന്റ് ചെലവുകൾക്കുള്ള തുക ഘടക സ്ഥാപനങ്ങൾക്ക് മാത്രമേ അനുവദിക്കാവൂ എന്ന് ഈ ഉത്തരവിൽ നിന്ന് തന്നെ വ്യക്തമാകുന്നു. മാർഗ്ഗ രേഖയിലെ നിർദ്ദേശങ്ങൾ പാലിച്ച് ഘടക സ്ഥാപനങ്ങൾക്ക് ഒരു വർഷത്തേയ്ക്കുള്ള ചെലവ് തുക മാത്രം അനുവദിക്കുന്നതിനും അധികം തുക അനുവദിച്ചിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടയ്ക്കേണ്ടതുമാണ്. ഇതിൻ പ്രകാരം കൃഷി ഓഫീസർ, വെറ്ററിനറി സർജ്ജൻ ചെറിയനാട് എന്നിവരുടെ അക്കൗണ്ടിൽ അവശേഷിക്കുന്ന തുകകൾ തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. കണ്ടിജന്റ് ചെലവുകൾക്കായി കൃഷി ഓഫീസർക്ക് അനുവദിക്കുന്ന തുകകൾ ട്രഷറി അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-29 വാറ്റ് 14,750/- രൂപ പഞ്ചായത്തിന് ബാധ്യത

വാർഷിക ധനകാര്യ പത്രിക ഷെഡ്യൂൾ ബി-9 പ്രകാരം പഞ്ചായത്തിന് 14,750/- രൂപ വാറ്റ് ഇനത്തിൽ സർക്കാരിലേക്ക് അടക്കാൻ ഹെഡ്ഡ് ഓഫ് അക്കൌണ്ടിൽ ബാധ്യതയായി ചേർത്തിട്ടുണ്ട്.ഈ തുക 2016-17 വർഷം മുതൽ പഞ്ചായത്തിന്റെ ബാധ്യതാ ഹെഡ്ഡിൽ അക്കൌണ്ട് ചെയ്യപ്പെട്ട തുകയാണ്. സർക്കാരിലേക്ക് തുക അടവാക്കാതിരുന്നത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.22 തീയതി15-11-2021)ലഭ്യമാക്കിയ മറുപടിയിൽ, ടി തുകയ്ക്ക് നാളിതുവരെയുള്ള പലിശ സംബന്ധിച്ച വ്യക്തത ബന്ധപ്പെട്ട വകുപ്പിൽ നിന്നും ലഭിച്ചാലുടൻ തുക ഒടുക്കുന്നതാണെന്നാണ്. വാറ്റ് ഇനത്തിൽ സർക്കാരിലേക്ക് അടക്കാൻ ബാക്കി നിൽക്കുന്ന 14750/-രൂപ ഒടുക്ക് വരുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-30 സാധനങ്ങളുടെ അളവിൽ നിന്നും നിയമാനുസൃത കുറവുകൾ വരുത്താതെ കരാറുകാരന് തുക നൽകി

ഗ്രാമപഞ്ചായത്തിൽ 2020-21 വർഷം മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 4 റോഡ് കോൺക്രീറ്റിംഗ് പ്രവർത്തികൾ നടപ്പാക്കിയിരുന്നു. പ്രസ്തുത പ്രവർത്തികൾ നടപ്പാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) കരാറുകാരൻ ലഭ്യമാക്കിയ സാധനങ്ങൾ സ്വന്തം നിലയിൽ സ്റ്റാക്ക് ചെയ്ത് എം.ബുക്കിൽ അളവ് രേഖപ്പെടുത്തിയില്ല.

2) സാധനങ്ങളുടെ അളവിൽ നിന്നും നിയമാനുസൃത കുറവുകൾ വരുത്താതെ കരാറുകാരന് തുക നൽകി.

(എ) CPWD സ്പെസിഫിക്കേഷനിൽ നടത്തുന്ന പ്രവൃത്തികളിൽ ഉപയോഗിക്കുന്ന 40mm മെറ്റലിന്റെ സ്റ്റാക്ക് ചെയ്ത അളവിൽ നിന്നും 7.5% വോയ്ഡസ് കുറവു ചെയ്ത് മാത്രമാണ് കരാറുകാരന് തുക നൽകേണ്ടത്. (Specification : 1- 27-2-3). എന്നാൽ ഈ വ്യവസ്ഥ പാലിക്കാതെ എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ തുകയും കരാറുകാരന് നൽകിയിട്ടുണ്ട്.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | എം.ബുക്ക് പ്രകാര മുള്ള അളവ് | കരാറുകാരൻ ലഭ്യമാക്കിയ 40mm മെറ്റലിന്റെ അളവ് (ഇൻവോയിസ് പ്രകാരം) M$^3$ | അനുവദിച്ച തുക @2250/m$^3$ | കരാറുകാരൻ സപ്ലൈ ചെയ്ത അളവിൽ നിന്ന് 7.5% വോയ്ഡ്സ് കുറവു ചെയ്ത ശേഷമുള്ള അളവ് M$^3$ | അനുവദ നീയ മായ തുക | അധികം അനുവദിച്ച തുക | കരാറു കാരന്റെ പേര് |
|---|---|---|---|---|---|---|---|---|
| 1) | കള്ളോട്ട് പടി മേലേവീട്ടിൽ റോഡ് കോൺക്രീറ്റിംഗ് (എം ബുക്ക് നം.114/21, 146/2020-21) | 22.25 | 23.25 | 50063 | 21.725 | 48881 | 1182 | |
| 2 | കുഴിയത്ത് പടി പുളിഞ്ചുവട് റോഡ് കോൺക്രീറ്റിംഗ് (എം.ബുക്ക് നം.150/21) | 32.04 | 32.5 | 72090 | 30.0625 | 67640 | 4450 | മാമ്മൻ എബ്രഹാം |
| 3 | വട്ടപ്പറമ്പിൽ സിതാര പടിറോഡ് കോൺക്രീറ്റിംഗ (എം.ബുക്ക് നം.147/21) | 4.95 | 4.73 | 10647 | 4.38 | 9855 | 792 | മാമ്മൻ എബ്രഹാം |
| 4 | ചിറപ്പുറത്ത് പടി മുതൽ ഇളങ്ങല്ലൂർ മാലിയിൽ പി വരെ റോഡ് കോൺക്രീറ്റിംഗ് (എം.ബുക്ക് നം.138/21) | 29.9 | 30 | 67275 | 27.75 | 62235 | 5040 | മാമ്മൻ എബ്രഹാം |

ഇപ്രകാരം മേൽ പ്രവൃത്തികൾക്കായി വാങ്ങിയ സാധനങ്ങളുടെ അളവുകളിൽ നിന്ന് വോയ്ഡ്സ് കുറവ് ചെയ്യതിരുന്നതിന് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (37/2020-21/18.11.2021) ലഭ്യമാക്കിയ മറുപടിയിൽ സാധനങ്ങളുടെ അളവുകളിൽ നിന്ന് നിയമാനുസൃത കുറവുകൾ നം 957/ഇ ജി എസ്. സി/16/ആർ ഇ ജി എസ് തീ. 26.7.2019 സർക്കുലറിലെ നിർദ്ദേശ പ്രകാരം പിന്നീട് നിർവഹിച്ച എല്ലാ മെറ്റീരിയൽ പ്രവൃത്തികൾക്കും സൈറ്റിൽ സ്റ്റാക്ക് ചെയ്ത് മെഷർ ചെയ്യുന്നുണ്ട് എന്നും ഇനിയുള്ള പ്രവത്തികളിൽ സ്റ്റാക്ക് മെഷർമെന്റ് കൃത്യമായി എടുത്ത് വോയ്ഡ്സ് കുറവ് ചെയ്യുന്നതാണ് എന്നും മറുപടിയിൽ രേഖപ്പെടുത്തിയിരിക്കുന്നു. വോയ്ഡ്സ് കുറവ് ചെയ്യാതിരുന്നത് മൂലം അധികം അനുവദിച്ച 11464 രൂപ അതാത് കരാറുകാരിൽ നിന്ന് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-31 ലൈബ്രറി സെസ്സ് 443232 രൂപ കുടിശ്ശിക

2020-21 ലെ വാർഷിക കണക്കുകൾ പ്രകാരം ലൈബ്രറി സെസ്സ് ഇനത്തിൽ പഞ്ചായത്തിന്റെ ബാധ്യതാഹെഡ്ഡിൽ 4,43,232/- രൂപ ലൈബ്രറി കൌൺസിലിന് അടക്കുവാൻ അവശേഷിക്കുന്നതായി കാണുന്നു. . തദ്ദേശസ്വയംഭരണ വകുപ്പിന്റെ 20.09.2005 ലെ 10088/എൽ3/05 നം. സർക്കുലർ പ്രകാരം ഓരോ വർഷവും ലൈബ്രറി സെസ്സിനത്തിൽ പിരിക്കുന്ന തുക യഥാക്രമം ഏപ്രിൽ 30 നും നവംബർ 30 നും ഉള്ളിൽ രണ്ടു ഗഡുക്കളായി ലൈബ്രറി കൌൺസിലിൽ ഒടുക്കേണ്ടതാണെന്നും അല്ലാത്തപക്ഷം അത് തദ്ദേശസ്വയംഭരണസ്ഥാനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായി നിർണ്ണയിച്ച് പലിശ ഈടാക്കുന്നതാണെന്നും വ്യക്തമാക്കിയുണ്ട്. മേൽ വിഷയം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം21 തീയതി 15-11-2021)ലഭ്യമാക്കിയ മറുപടിയിൽ ആലപ്പുഴ ജില്ലാ സഹകരണബാങ്കിന്റെ ചെക്ക് നം,025662 തീയതി.19-11-2021 പ്രകാരം തുക അടവാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. തുക ലൈബ്രറി കൌൺസിലിൽ ഒടുക്ക് വരുത്തി രസീത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-32 അഗതി രഹിത കേരളം പദ്ധതി-അവലോകനം

ചെറിയനാട് ഗ്രാമ പഞ്ചായത്ത് സി.ഡി.എസ് മുഖേന നടത്തപ്പെടുന്ന അഗതി ആശ്രയ പദ്ധതിയിൽ ഒന്നാം ഘട്ടത്തിൽ 14 ഗുണഭോക്താക്കളും രണ്ടാം ഘട്ടത്തിൽ 64 ഗുണഭോക്താക്കളുമായി ആകെ 78 ഗുണഭോക്താക്കൾ ഉണ്ടായിരുന്നു . പിന്നീട് ഈ പദ്ധതി അഗതി രഹിത കേരളം എന്ന് പുനർ നാമകരണം നടത്തി പദ്ധതി പ്രവർത്തനങ്ങൾ വിപുലീകരിച്ചു . അഗതി രഹിത കേരളം പദ്ധതിയിൽ നിലവിൽ 119 ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ അനുവദിയ്ക്കുന്നു .

1. പദ്ധതിയ്ക്കായി വകയിരുത്തിയതും ചെലവഴിച്ചതുമായ ഫണ്ടുകളുടെ വിശദാംശം (02.09.2021 വരെ)ചുവടെ ചേർക്കുന്നു .

| ഒന്നാം ഘട്ടം | കാലയളവ് | വകയിരുത്തിയത് | ചെലവഴിച്ചത് | നീക്കിയിരിപ്പ് |
|---|---|---|---|---|
| പഞ്ചായത്ത് പ്ലാൻ ഫണ്ട് | 2004-2007 | 131925 | 111925 | 20000 |
| ചലഞ്ച് ഫണ്ട് | | 1091374 | 1091374 | 0 |
| ജില്ലാ മിഷൻ ഫണ്ട് (കമ്പ്യൂട്ടർ വാങ്ങുവാൻ) | | 300000 | 183155 | 116845 |
| പലിശ | | | | 124119 |
| രണ്ടാം ഘട്ടം | 2011-2014 | 731004 | 705131 | 25873 |
| പലിശ | | | | 58992 |
| അഗതി രഹിത കേരളം | 2019-2022 | 2207042 | 1634485 | 572557 |
| പലിശ | | | | 41411 |
| ആകെ | | 4461345 | 3726070 | 959797 |

2. അഗതികൾ അവഗണിയ്ക്കപ്പെടുന്നു

അഗതി ആശ്രയ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ എട്ടു ഗുണഭോക്താക്കൾക്ക് വസ്തു വാങ്ങി വീട് ,കിണർ , കക്കൂസ് , വയറിംഗ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ നല്കിയതൊഴികെ മറ്റു സേവനങ്ങൾ ഒന്നും തന്നെ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും അഗതികൾക്കായി ചെയ്തിട്ടില്ല. .

3. ചലഞ്ച് ഫണ്ട് വിനിയോഗം വിപുലപ്പെടുത്തണം

ഭക്ഷ്യ വസ്തുക്കളുടെ വിതരണത്തിനു വേണ്ടിമാത്രമാണ് ഇപ്പോൾ ചലഞ്ച് ഫണ്ട് ഉപയോഗിക്കപ്പെടുന്നത്. അഗതി ആശ്രയപദ്ധതിയിലെ മിക്ക അംഗങ്ങളും പല രോഗങ്ങൾക്കും അടിമകളാണ് . എങ്കിലും അഗതി രഹിത കേരളം പദ്ധതിയിൽ 2020-21 ൽ ൽ ഗുണഭോക്താക്കൾക്ക് കൗൺസിലിംഗ് നല്കിയതൊഴികെ മറ്റ് ചികിൽസാ സഹായം ലഭിക്കുന്നില്ല. അഗതികുടുംബങ്ങളുടെ ക്ലേശ ഘടകങ്ങൾ പരിശോധിച്ച് അവരെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനാവശ്യമായ പദ്ധതികൾ തയ്യാറാക്കുന്നതിനും ലഭ്യമായഫണ്ട് ചെലവഴിക്കുന്നതിനും ജീവനക്കാരും ഭരണസമിതിയും ശ്രദ്ധ ചെലുത്തേണ്ടതാണ്.

4.വിലയിരുത്തൽ സമതിയുടെ പ്രവർത്തനം

ആശ്രയപദ്ധതി മോണിറ്ററിംഗിനായി പഞ്ചായത്ത് പ്രസിഡന്റ് അധ്യക്ഷനായും ക്ഷേമകാര്യ സ്റ്റാന്റിഗ് കമ്മറ്റി ചെയർപെഴ്സൺ,സെക്രട്ടറി,സി.ഡി.എസ്സ് ചെയർപെഴ്സൺ ,മെമ്പർ സെക്രട്ടറി,മെഡിക്കൽ ഓഫീസർ,അംഗൻവാടി സൂപ്പർവൈസർ,സി.ഡി.എസ്സിലെ ആശ്രയയുടെ ചുമതലയുള്ള അംഗം,ഈരംഗത്ത് പ്രവർത്തിക്കാൻ താത്പര്യമുള്ള രണ്ട് സാമൂഹ്യപ്രവർത്തകർ എന്നിവർ അംഗങ്ങളായും രൂപീകരിച്ചിട്ടുള്ള സമതി ആശ്രയപ്രോജക്റ്റുകൾ മോണിറ്റർ ചെയ്യേണ്ടതും രണ്ടുമാസത്തിൽ ഒരിക്കൽ പഞ്ചായത്ത് സമതി നിർബന്ധമായും ആശ്രയപദ്ധതി നടത്തിപ്പുകൾ വിലയിരുത്തേണ്ടതാണ് എന്ന് നിബന്ധനയുണ്ട് . എന്നാൽ ഗ്രാമ പഞ്ചായത്തിൽ 2019-20 , 2020-21കാലയളവിൽ ഒരു തവണ മാത്രമാണ് (08.07.2019)വിലയിരുത്തൽ സമിതിയുടെ യോഗം നടത്തിയിട്ടുള്ളത് . പുതിയ ഭരണ സമിതിയുടെ നേതൃത്വത്തിൽ ഇതുവരേയും യോഗം വിളിച്ചു കൂട്ടിയിട്ടില്ല . വിലയിരുത്തൽ സമിതിയുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ്. വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു .

## 1-33 വിനിയോഗ സാക്ഷ്യപത്രംലഭ്യമാക്കിയില്ല

2020-21 വർഷം സെക്രട്ടറി മുഖേന നടപ്പാക്കിയ താഴെ ചേർത്തിട്ടുള്ള പ്രോജക്ടുകൾ പ്രകാരം വിവിധ സ്ഥാപനങ്ങളിൽ /നിർവ്വഹണ ഏജൻസികളിലായി തുക നൽകിയിട്ടുണ്ട്. വിശാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ വിശദാംശങ്ങൾ | തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|
| പട്ടിക ജാതി കോളനികളിൽ ലൈൻ നീട്ടൽ (S0194/21) | 114118 | 1/20.4.2020 |
| കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (S0243/21) | 2230000 | 30/29.1.2021 |

വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.15/11.11.2021)മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ ആകെ ചെലവ് തുക 2344118 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-34 നമ്മൾ നമുക്കായി -ജനകീയ ക്യാമ്പയിൻ

അതി ജീവനക്ഷമതയുള്ള ഒരു കേരള സമൂഹം എന്ന മഹത്തായ ലക്ഷ്യം മുൻ നിർത്തി ബഹു.സംസ്ഥാന സർക്കാർ ആസൂത്രണം ചെയ്ത ഒരു ജനകീയ ക്യാമ്പയിൻ ആണ് നമ്മൾ നമുക്കായി . 2018-ലെ മഹാ പ്രളയത്തിൽ നിന്നുള്ള പാഠം ഉൾക്കൊണ്ട് പ്രാദേശികമായി ദുരന്ത പ്രതിരോധ പ്രവർത്തനങ്ങളും , ദുരന്ത ലഘൂകരണ പ്രവർത്തനങ്ങളും വർദ്ധിച്ച ജന പങ്കാളിത്തത്തോടെ നടത്തുവാൻ ഈ ക്യാമ്പയിൻ ജനങ്ങളെ പ്രാപ്തരാക്കുന്നു . തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ പ്രാദേശികവും സാമൂഹ്യാധിഷ്ഠിതവുമായ ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് സംബന്ധിച്ച് 01.12.2019 ലെ സ.ഉ.(കൈ) 156/2019/ ത.സ്വ.ഭവ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2018ലെ പ്രളയത്തിൽ വ്യാപകമായനഷ്ടം സംഭവിച്ച ഒരു കാർഷിക ഗ്രാമമാണ് ചെറിയനാട് ഗ്രാമ പഞ്ചായത്ത് . കൃഷിയണ് ഈ പ്രദേശത്തെ ജനങ്ങളുടെ പ്രധാന വരുമാന മാർഗ്ഗം ഇതു കൂടാതെ ഗ്രാമ പഞ്ചായത്തിലെ ജനങ്ങളുടെ മുഖ്യമായ ഒരു ജീവനോപാധിയാണ് മൃഗസംരക്ഷണവും ക്ഷീര വികസനവും . മഴക്കെടുതി ഉൾപ്പടെയുള്ള പ്രകൃതി ദുരന്തങ്ങൾ നേരിടേണ്ട സാഹചര്യങ്ങളിൽ ഈ കുടുംബങ്ങൾക്ക് അടിയന്തിര സഹായം ലഭ്യമാക്കേണ്ടതുണ്ട് .

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി 25.05.2020ൽ പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങൾക്ക് (ഓറഞ്ച് പുസ്തകം) അനുസൃതമായുള്ള പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഇ 5-9424/19/ത.സ്വ.ഭ.വ /08.08.2019ലെ കത്തിന്റെ അടിസ്ഥാനത്തിൽ ദുരന്ത പ്രതിരോധ / നിവാരണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി പഞ്ചായത്തിലെ ഭരണ സമിതി , പുറത്തു നിന്നും ക്ഷണിക്കാവുന്നവർ , പഞ്ചായത്തിലെ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ , മുന്നറിയിപ്പ് ടീം , ഷെൽട്ടർ മാനേജ്മെന്റ് ടീം ,പ്രഥമ ശുശ്രൂഷ /ബേസിക് ലൈഫ് സപ്പോർട്ട് ടീം ,സന്നദ്ധ പ്രവർത്തനങ്ങൾക്കായി 15

വാർഡുകളിലെയും തെരഞ്ഞെടുക്കപ്പെട്ട വ്യക്തികളെയും ഉൾപ്പെടുത്തി ദ്രുത കർമ്മ സേന രൂപീകരിച്ച് ആസൂത്രണ രേഖ പുറപ്പെടുവിച്ചു . അതി ജീവനത്തിനുള്ള പദ്ധതികൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കുകയും ചെയ്തിട്ടുണ്ട് . ഇത്തരം മാതൃകാപരമായ പ്രവർത്തനങ്ങൾ തുടർന്നും നടത്തുവാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ് .

## 1-35 കോവിഡ് അവലോകനം

ഗ്രാമപഞ്ചായത്തിൽ കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി വാർഡ് തലത്തില്‍ വാളണ്ടിയർമാരെയും ജാഗ്രതാ സമിതിയും നിയോഗിച്ചിരുന്നു. പഞ്ചായത്ത് തലത്തിൽ വാർ റൂം ഹെൽപ് ഡെസ്ക് എന്നിവയും ആരംഭിച്ചിട്ടുണ്ട്.12 ഇന പരിപാടിയിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തിൽ കുടുംബശ്രീ മിഷന്റെ ആഭിമുഖ്യത്തിൽ ജനകീയ ഹോട്ടൽ ആരംഭിച്ചിട്ടുണ്ട്. കോവിഡ് പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി ജനകീയ ഹോട്ടലിൽ നിന്നാണ് സന്നദ്ധ പ്രവർത്തകർ,നിരീക്ഷണത്തിലുള്ളവർ എന്നിവർക്ക് ഭക്ഷണം നൽകിയിരുന്നത്.

ഗ്രാമപഞ്ചായത്തിൽ സി എഫ് എൽ ടി സി ആരംഭിക്കുന്നതിനുള്ള സൗകര്യങ്ങൾ ചെറിയനാട ദേവസ്വം ബോർഡ് സ്കൂളിൽ ഒരുക്കിയെങ്കിലും സാമ്പത്തിക ബുദ്ധിമുട്ട് മൂലം സി എഫ് എൽ ടി സി പ്രവർത്തനം ആരംഭിച്ചിരുന്നില്ല. സംസ്ഥാനത്തിന് പുറത്ത് നിന്നോ രാജ്യത്തിന് പുറത്ത് നിന്നോ വരുന്നവെരെ നിരീക്ഷിക്കുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കിയിരുന്നു. ഇതിനായി രണ്ട് കെട്ടിടങ്ങൾ വാടകയ്ക്കെടുത്തിരുന്നു. കോവിഡ് 19രണ്ടാം ഘട്ടത്തിൽ സർക്കാർ നിർദ്ദേശ പ്രകാരം സി എം എസ് എൽ പി സ്കൂളിൽ ഡി സി സി പ്രവർത്തിച്ച് വരുന്നു.

## 1-36 ജനകീയ ഹോട്ടൽ.

പ്രോജക്ട് നം ./പേര് -121/20 വിശപ്പ് രഹിത ഗ്രാമം -

കുടുംബശ്രീ ക്യാന്റീൻ താല്ക്കാലിക സൗകര്യം ഒരുക്കൽ

അടങ്കൽ . 50000 (വിഫ ജനറൽ)

10000 (ജില്ലാ പഞ്ചായത്ത്)

ചെലവ് .21452 (വിഫ ജനറൽ)

ബിൽ നം.4/17.09.20/7373

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി ഗ്രാമപഞ്ചായത്ത് 2020-21 വർഷം നടപ്പാക്കിയ പദ്ധതിയാണ് വിശപ്പുരഹിത ഗ്രാമം - ജനകീയ ഹോട്ടൽ.

കേരള സർക്കാരിന്റെ പന്ത്രണ്ടിന പരിപാടിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന സംരംഭക പദ്ധതിയുടെ ഭാഗമാണ് വിശപ്പു രഹിത കേരളം എന്ന സങ്കല്പം. കുടുംബശ്രീയുടെ സംരംഭക പ്രവർത്തനത്തിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനവും, സിവിൽ സപ്ലൈസും കൂട്ടായി നടപ്പാക്കുന്ന ഈ പദ്ധതിയിലൂടെ പൊതുജനങ്ങൾക്ക് ന്യായമായ വിലയിൽ ഉച്ചഭക്ഷണം (നിലവിൽ ഇരുപതു രൂപ മാത്രം) കൊടുക്കുന്നതിന് പ്രാധാന്യം നല്കുന്നു.

സർക്കാർ ഉത്തരവു പ്രകാരം, ജനകീയ ഹോട്ടലിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക എന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ചുമതല എന്ന നിലയിൽ ജനകീയ ഹോട്ടൽ സ്ഥാപിയ്ക്കുന്നതിനുള്ള മുറി സൗകര്യം, വൈദ്യുതി ചാർജ്ജ്, കുടിവെള്ള ചാർജ്ജ് എന്നിവ ഗ്രാമപഞ്ചായത്ത് അനുവദിച്ചിട്ടുണ്ട്. കാറ്ററിംഗിൽ പരിശീലനം ലഭിച്ച കുടുബശ്രീ യൂണിറ്റായ ദർശന കുടുംബശ്രീയെയാണ് പദ്ധതി നടത്തിപ്പ് ഏൽപ്പിച്ചിട്ടുള്ളത്.

പൊതു ജനങ്ങൾ, കോവിഡ് കാരണം ക്വാറന്റീനിൽ കഴിയുന്നവർ, അന്യ സംസ്ഥാനത്തിൽ നിന്നുൾപ്പടെയുള്ള തൊഴിലാളികൾ എന്നിവർ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണ്. കുടുംബശ്രീ പ്രവർത്തകരമായ 5 വനിതകൾക്ക് സ്ഥിര വരുമാനവും ഇതിലൂടെ ലഭിയ്ക്കുന്നു .

സമൂഹത്തിലെ എല്ലാ വിഭാഗത്തിനും ഒരു പോലെ പ്രയോജന പ്രദമായ ഈ പദ്ധതി തുടർന്നു കൊണ്ടു പോകുവാൻ പഞ്ചായത്ത് ഭരണ സമിതിയുടെയും ഉദ്യോഗസ്ഥരുടെയും ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-37 ലൈഫ് പദ്ധതി

നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി നടപ്പാക്കി വരുന്ന നാല് വികസന മിഷനുകൾ ഉൾക്കൊള്ളുന്ന പദ്ധതിയിൽ ഒന്നാമതായി ഉൾപ്പെട്ട സമ്പൂർണ്ണ പാർപ്പിടം - ലൈഫ് മിഷൻ - ന്റെ പ്രവർത്തനങ്ങൾ ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കി വരുന്നു. 2018-19 ലാണ് ഗ്രാമ പഞ്ചായത്തിൽ ലൈഫ് പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചത് .

വി.ഇ.ഒ നിർവ്വഹണ ഉദ്യാഗസ്ഥയായി 2019-20 ,2020-21വർഷം ജനറൽ വിഭാഗത്തിനും എസ് . സി /എസ്.ടി വിഭാഗങ്ങൾക്കും പ്രത്യേകമായി ഭവന നിർമ്മാണ പ്രോജക്ടുകൾ ഈ പദ്ധതിയിൽ ആവിഷ്കരിച്ചു നടപ്പാക്കി .

ലൈഫ് ഭവന പദ്ധതിയുടെ തുടക്കം മുതൽ ലഭ്യമായതും ചെലവഴിച്ചതുമായ ഫണ്ട് വിവരങ്ങൾ

2018-19 , 2019-20 ,2020-21 ൽ ലഭിച്ചതും ചെലവഴിച്ചതുമായ ഫണ്ടിന്റെ വിവരം

| വർഷം | ഗ്രാമ പഞ്ചായത്ത് വിഹിതം | ബ്ലോക്ക് വിഹിതം | ജില്ലാ പഞ്ചായത്ത് വിഹിതം | ഹഡ്കോ ലോൺ | സംസ്ഥാന വിഹിതം |
|---|---|---|---|---|---|
| 2018-19 | - | 2257956<br>(ജനറൽ-1600000,എസ്.സി-657956) | - | 238445<br>(ചെലവ് -200000<br>38445/-രൂപ തിരികെയടച്ചു) | - |
| 2019-20 | - | 580000 | 920000 | 2080000<br>(ചെലവ്-1880000) | 3100000<br>(ചെലവ്-2000000) |
| 2020-21 | | 420000(ജനറൽ)<br>200000(എസ്.സി.പി) | - | - | - |

3. 2019-20 ,2020-21ലെ ഭവന നിർമ്മാണ പ്രവർത്തനങ്ങൾ

2019-20

| ലക്ഷ്യം വച്ചിട്ടുള്ള ആകെ ഭവനം | | പൂർത്തിയാക്കിയവ | ഭാഗികമായി പൂർത്തിയാക്കിയവ | ഭാഗികമായി പൂർത്തിയാക്കിയവയിൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| ജനറൽ | 2 | 2 | - | - |
| എസ്.സി | 4 | 3 | 1 | പണി ആരംഭിച്ചില്ല . റവന്യൂ റിക്കവറി നടത്തുവാൻ കമ്മിറ്റി തീരുമാനിച്ചു |

2020-21

| ലക്ഷ്യം വച്ചിട്ടുള്ള ആകെ ഭവനം | | പൂർത്തിയാക്കിയവ | ഭാഗികമായി പൂർത്തിയാക്കിയവ | ഭാഗികമായി പൂർത്തിയാക്കിയവയിൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| ജനറൽ | 23 | 12 | 10 | 9 എണ്ണം പണി തുടരുന്നു. 1 എണ്ണം റവന്യൂ റിക്കവറി |
| എസ്.സി | 8 | 5 | 3 | 1 എണ്ണം ലിന്റൽ ലെവൽ , 2എണ്ണം വെള്ളക്കെട്ടുമൂലം പണി ആരംഭിച്ചില്ല |

ഭാഗികമായി മാത്രം പൂർത്തിയാക്കിയവരെ സംബന്ധിച്ച വിവരം

| വർഷം | ഗുണഭോക്താവിന്റെ പേര് | വിഭാഗം | നൽകിയിട്ടുള്ള തുക |
|---|---|---|---|
| 2019-20 | രേഖ ബാബു രാജ് ,കല്ലു വേങ്ങയിൽ | എസ്.സി.പി | 40000 |
| 2020-21 | ജയശ്രീ ,നെടിയത്ത് | ജനറൽ | 200000 |
| | മിനിമോൾ പുന്നലതെക്കേതിൽ | ജനറൽ | 40000 |
| | സുശീല അച്ചൻകുഞ്ഞ് ,സുനിതാ ഭവൻ | ജനറൽ | 40000 |
| | ലില്ലി ജോയി,പുന്നലത്തറയിൽ | ജനറൽ | 40000 |
| | ജെസ്സി തോമസ്,പ്ലാന്തറയിൽ | ജനറൽ | 40000 |
| | സുഗദമ്മ ,താഴത്തു വീട്ടിൽ | ജനറൽ | 40000 |
| | ധനലക്ഷ്മി , കലതിക്കുറ്റിയിൽ | ജനറൽ | 40000 |

| | | |
|---|---|---|
| സുപ്രഭ, ഫാത്തിമാ മൻസിൽ | ജനറൽ | 40000 |
| മിനി പാർത്ഥസാരഥി, പുളി നിൽക്കുന്നതിൽ | ജനറൽ | 40000 |
| ഐഷാ ബീവി,പീടികയിൽ | ജനറൽ | 200000 |
| രാധാമണി,ചക്കാലത്തറയിൽ | എസ്.സി.പി | 40000 |
| തങ്കമണി ,തച്ചിരേത്ത് | എസ്.സി.പി | 200000 |
| ഓമന പ്രസാദ് ,നെടുംതറയിൽ | എസ്.സി.പി | 40000 |

കൈപ്പറ്റിയ തുക പലിശ സഹിതം തിരികെ അടച്ചു

കരാർ ഒപ്പുവച്ച് ആദ്യ ഗഡുവായ 40000/- രൂപ കൈപ്പറ്റിയ ശേഷം പദ്ധതിയിൽ നിന്നും പിൻ മാറിയ ശ്രീമതി. ഷാഹിദാ ,മുനീർ മൻസിൽ(വാർഡ് -8) എന്ന ഗുണഭോക്താവ് 26.03.2021 ൽ ടിയാന്റെ കുടുംബത്തിന്റെ കടബാധ്യത ഏറിയതിനാൽ വീട്ടു പണി നടത്താൻസാധിക്കില്ല എന്ന് അറിയിച്ചു കൊണ്ട് കത്ത് നല്കി . 04.10.2021 ൽ രസീത് നം . 12116101629 പ്രകാരം -40000/-രൂപയും രസീത് നം .12116101630 പ്രകാരം പലിശ-2118/-രൂപയും തിരികെയടച്ചു.

*ഓഡിറ്റ് അന്വേഷണം നം . 24/20-21/15.11.21 ന് വി.ഇ.ഒ നല്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത് .

### 1-38 ജാഗ്രതാ സമിതി പ്രവർത്തനങ്ങൾ

13-ാം സബ്സിഡി മാർഗ്ഗരേഖ ഖ-7.4.2 പ്രകാരം വാർഡ് തലത്തിൽ ജാഗ്രതാ സമിതികൾ രൂപീകരിക്കേണ്ടതും സമിതിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കണമെന്നും നിർദ്ദേശിക്കുന്നു. ഗ്രാമപഞ്ചായത്തിൽ ജാഗ്രതാസമിതി അവസാനമായി കൂടിയത് 27.4.2021 ലും ചൈൽഡ് പ്രൊട്ടക്ഷൻ കമ്മറ്റി കൂടിയത് 21.1.2021 ലുമാണ്. കൃത്യമായ ഇടവേളകളിൽ ജാഗ്രതാസമിതി കൂടാതിരുന്നതിന് കാരണമായി കോവിഡ് കാലമായിരുന്നതിനാലാണ് സമിതികൾ കൃത്യമായി കൂടാൻ സാധിക്കാതിരുന്നത് എന്ന് ഐ സി ഡി എസ് സൂപ്പർവൈസർ അറിയിച്ചു. 2018-19 വർഷം ഐ സി ഡി എസ് സൂപ്പർവൈസർ നടപ്പാക്കിയ പ്രോജക്ട് 29/19 പ്രകാരം ജാഗ്രതാ സമിതി യോഗം ചേരുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി 51462 രൂപ ചെലവഴിച്ച് ഫർണ്ണിച്ചറുകളും മറ്റ് ഉപകരണങ്ങളും വാങ്ങിയിരുന്നു. . എന്നാൽ വാങ്ങിയ ഫർണ്ണിച്ചറുകൾ ഇപ്പോൾ പഞ്ചായത്ത് ഓഫീസിലെ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിച്ച് വരുന്നതായി ഓഡിറ്റ് അന്വേഷണത്തിന് (നം12/19-20/9.11.2021) ലഭ്യമാക്കിയ മറുപടിയിൽ ഐ സി ഡി എസ് സൂപ്പർവൈസർ അറിയിച്ചിട്ടുണ്ട്. സ്ത്രീകളും കുട്ടികളും ഒട്ടും സുരക്ഷിതരല്ലാത്ത ഈ കാലഘട്ടത്തിൽ അവരുടെ പ്രശ്നങ്ങൾ അവതരിപ്പിക്കുന്നതിനുള്ള ഒരു വേദിയാണ് ജാഗ്രതാ സമതി . ജാഗ്രതാ സമിതികൾ കൃത്യമായി യോഗം ചേർന്ന് സ് പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജസ്വലമാക്കേണ്ടതാണ്. ഇതിനായുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ പഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് ഉണ്ടാകേണ്ടതാണ്. വിഷയത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ | തുക ലഭിച്ച | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| സ്ഥാപനം | വർഷം | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 200000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് ജനറൽ | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 200000 | ലൈഫ് ഭവന നിർമ്മാണം എസ്സ്.സി | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 483333 | സമഗ്ര നെൽകൃഷി വികസനം | 483333 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 650000 | സമഗ്ര നെൽകൃഷി വികസനം | 650000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് ജനറൽ | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 100000 | അംഗനവാടി അനുപൂരക പോഷകാഹാരം ജനറൽ | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 198300 | പട്ടികജാതി പട്ടിക വിദ്യാർത്ഥികൾക്കുള്ള പഠനമുറി | 198300 | 0 |
| V | 2020-21 | 876055 | ബഡ്സ്കൂളിന് കെട്ടിട നിർമ്മാണം | 876055 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | വഴിവിളക്ക് ഇലക്ട്രിക്ക് ലൈൻ എക്സ്റ്റൻഷൻ-അപായകരമായ പോസ്റ്റ് മാറ്റി സ്ഥാപിക്കലും | 12/2021 | 16166 | 16166 | |
| കെ.ഡബ്ല്യു.എ | കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 243/2021 | 2230000 | | 2230000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഹഡ്ക്കോ വായ്പ | ലൈഫ് ഘട്ടം | 0 | 10952647 | 1214626 | | 9738021 |

.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 77500/-............രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2018-19 | 3-10 | 77500 | പത്മകുമാരി , ഹെഡ്മിസ്ട്രസ്സ് | 12016100216/27-05-2020 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഇല്ല

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 73540473 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 75484824 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1411957 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 174446 | ശ്രീമതി ഉഷാകുമാരി |

| | | |
|---|---|---|
| | | ഐ.സി.ഡി.എസ്സ്.സൂപ്പർവൈസർ |
| 1-21(എ) | 341100 | ശ്രീ.രഘുലാൽ.വി<br>സെക്രട്ടറി |
| 1-21(ബി) | 311425 | ശ്രീ.രഘുലാൽ.വി<br>സെക്രട്ടറി |
| 1-23 | 512098 | ശ്രീ.രഘുലാൽ.വി<br>സെക്രട്ടറി |
| 1-24 | 72888 | ശ്രീ.രഘുലാൽ.വി<br>സെക്രട്ടറി |
| ആകെ | 1411957 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ഉഷാകുമാരി<br>ഐ.സി.ഡി.എസ്സ്.സൂപ്പർവൈസർ | | മൂർത്തി നിവാസ്<br>പുന്നക്കാമുഗൾ<br>തിരുവനന്തപുരം |
| ശ്രീ.രഘുലാൽ.വി<br>സെക്രട്ടറി | സെക്രട്ടറി<br>ആല ഗ്രാമ പഞ്ചായത്ത് | ശ്രീ നന്ദനം<br>താമല്ലാക്കൽ<br>സൌത്ത്<br>താമല്ലാക്കൽ.പി.ഒ<br>ഹരിപ്പാട് |

## 4-10 തീർപ്പാക്കാൻ അവശേഷിയ്ക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 മുതൽ 1998-99 വരെ (ചെലവ് ) | എൽ.എഫ്.ജി.എ.5.1832/2011/24.01.2012 |
| 1997-98 (ഡി.സി.ബി) 2000-01 മുതൽ 2005-06 വരെ | എൽ.എഫ്.ജി.എ.5.1832/2011/24.01.2012 |
| 2008-09 | എൽ.എഫ്.ജി.എ.5.575/2014/06.05.2014 |
| 2009-10 | എൽ.എഫ്.എ-പി.5/1512/15/17.05.2011 |
| 2010-11 &2011-12 | എൽ.എഫ്.എ-പി.5/ 712/2014/09.12.15 |
| 2012-13 | എൽ.എഫ്.എ-പി.5/429/15/25.02.16 |

| | |
|---|---|
| 2013-14&2014-15 | കെ.എസ്.എ.എ.എൽ.പി.പി-5/15/15.02.16 |
| 2015-16 | കെ.എസ്.എ.എ.എൽ.പി .പി-5/1243/16/09.11.16/03.12.16 |
| 2016-17 | കെ.എസ്.എ.എ.എൽ.പി.പി-5/1061/2017/10.8.2017/23.8.2017 |
| 2017-18 | കെ.എസ്.എ.എ.എൽ.പി .പി-5/1653/18/10.12.18/08.02.19 |
| 2018-19 | കെ.എസ്.എ-എ.എൽ.പി.പി5-900/19 തീയതി 27-09-2019 |
| 2019-20 | കെ.എസ്.എ-എ.എൽ.പി.പി5-1077/21/24.2.2022 |

.

.

.

.

ഡെപ്യൂട്ടി ഡയറക്ടർ,
കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്,
ആലപ്പുഴ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ ചെറിയനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ ചെറിയനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്